നിയമസഭ 2022 സെപ്റ്റംബർ മാസം 12-ാം തീയതി തിങ്കളാഴ്ച രാവിലെ 10.00 മണിക്ക് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## <u>സ്പീക്കർ തെരഞ്ഞെടുപ്പ്</u>

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : ഓർഡർ....... ഓർഡർ..... നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിന് രണ്ട് അംഗങ്ങളുടെ പേരുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ശ്രീ. അൻവർ സാദത്ത്, ശ്രീ. എ. എൻ. ഷംസീർ എന്നിവരാണ് നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങൾ. ശ്രീ. അൻവർ സാദത്തിനെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള ഒരു പത്രിക ലഭിച്ചിട്ടുണ്ട്. ശ്രീ. വി. ഡി. സതീശൻ നിർദ്ദേശിക്കുകയും ശ്രീ. പി. ഉബൈദുള്ള പിന്താങ്ങുകയും ചെയ്തിട്ടുള്ളതാണ് ശ്രീ. അൻവർ സാദത്തിനുവേണ്ടിയുള്ള പത്രിക. ശ്രീ. എ. എൻ. ഷംസീറിനെ നാമനിർദ്ദേശം ചെയ്തുകൊണ്ടുള്ള മൂന്ന് പത്രികകൾ ലഭിച്ചിട്ടുണ്ട്. ശ്രീ. പിണറായി വിജയൻ നിർദ്ദേശിക്കുകയും ശ്രീ. ജി. ആർ. അനിൽ പിന്താങ്ങുകയും ഡോ. എൻ. ജയരാജ് നിർദ്ദേശിക്കുകയും ശ്രീ. കെ. കൃഷ്ണൻകുട്ടി പിന്താങ്ങുകയും ശ്രീ. എ. കെ. ശശീന്ദ്രൻ നിർദ്ദേശിക്കുകയും ശ്രീ. ആന്റണി രാജു

പിന്താങ്ങുകയും ചെയ്തിട്ടുള്ളതാണ് ശ്രീ. എ. എൻ. ഷംസീറിനുവേണ്ടിയുള്ള പത്രികകൾ. പരിശോധനയിൽ നാമനിർദ്ദേശ പത്രികകളെല്ലാം നിയമാനുസൃതമാണെന്ന് കാണുന്നു. ഒന്നിലധികം അംഗങ്ങൾ സ്പീക്കർ സ്ഥാനത്തേയ്ക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതിനാൽ സഭ വോട്ടെടുപ്പിലൂടെ സ്പീക്കറെ തെരഞ്ഞെടുക്കുന്നതാണ്. ബാലറ്റ് പേപ്പറിൽ ശ്രീ. അൻവർ സാദത്തിന്റെ പേര് ആദ്യവും ശ്രീ. എ. എൻ. ഷംസീറിന്റെ പേര് രണ്ടാമതായും അച്ചടിച്ചിട്ടുണ്ട്. നിയമസഭാംഗങ്ങൾ തങ്ങൾക്ക് ഇഷ്ടമുള്ള സ്ഥാനാർത്ഥിയുടെ പേരിന് എതിരെ ഒരു ഗുണനചിഹ്നമിട്ട് വോട്ട് രേഖപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. ഗുണനചിഹ്നമല്ലാത്ത മറ്റ് അടയാളങ്ങളിട്ട് വോട്ട് രേഖപ്പെടുത്തിയാൽ പ്രസ്തുത ബാലറ്റ് പേപ്പർ അസാധുവായി കണക്കാക്കുന്നതാണ്. നിയമസഭാംഗങ്ങളുടെ പേര് നിയമസഭാ സെക്രട്ടറി ഇപ്പോൾ വിളിക്കുന്നതായിരിക്കും. ഓരോ അംഗവും തൽസമയം അദ്ധ്യക്ഷവേദിക്ക് സമീപം വന്ന് ഏതെങ്കിലും ഒരു ബൂത്തിൽ വോട്ട് രേഖപ്പെടുത്തിയശേഷം സ്വസ്ഥാനത്ത് ഉപവിഷ്ടരാകണമെന്ന് അഭ്യർത്ഥിക്കുന്നു. ആദ്യത്തെ പ്രാവശ്യം പേര് വിളിക്കുമ്പോൾ സഭയിൽ ഹാജരില്ലാത്ത അംഗങ്ങൾക്ക് പോൾ അവസാനിച്ചതായി

പ്രഖ്യാപിക്കുന്നതിനുമുമ്പ് സഭയിൽ ഹാജരാകുന്ന പക്ഷം വോട്ട് രേഖപ്പെടുത്താൻ അനുമതി നൽകുന്നതാണ്.

(വോട്ടെടുപ്പ് ആരംഭിക്കുകയും നിയമസഭാ സെക്രട്ടറി ശ്രീ. എ. എം. ബഷീർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ മുതൽ ഇരിപ്പിടക്രമത്തിൽ അംഗങ്ങളുടെ പേര് വിളിക്കുകയും അംഗങ്ങൾ ഓരോരുത്തരായി വന്ന് ബാലറ്റ് പേപ്പർ വാങ്ങി ഡയസ്സിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന രണ്ട് ബൂത്തുകളിലായി വോട്ട് രേഖപ്പെടുത്തി ബാലറ്റ് പെട്ടിയിൽ നിക്ഷേപിച്ചശേഷം തിരികെയെത്തി സ്വസ്ഥാനത്ത് ഉപവിഷ്ടരാകുകയും ചെയ്തു. സ്പീക്കർ സ്ഥാനാർത്ഥികളായ ശ്രീ. എ. എൻ. ഷംസീർ, ശ്രീ. അൻവർ സാദത്ത് എന്നിവർ വോട്ടെടുപ്പിൽ പങ്കെടുക്കുകയുണ്ടായി)

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> നേരത്തേ പേര് വിളിച്ചപ്പോൾ ഹാജരാകാതിരുന്ന ഏതെങ്കിലും അംഗങ്ങളുണ്ടെങ്കിൽ ഇപ്പോൾ വോട്ട് രേഖപ്പെടുത്താവുന്നതാണ്.

(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി ശ്രീ. വി. അബ്ദുറഹിമാൻ വോട്ട് രേഖപ്പെടുത്തി.)

(ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിൻ, ശ്രീമതി ദെലീമ, ശ്രീ. യു. എ. ലത്തീഫ് എന്നിവർ സഭയിൽ ഹാജരായിരുന്നില്ല.)

ഓർഡർ.....ഓർഡർ....വോട്ടെടുപ്പ് പൂർത്തിയായിരിക്കുന്നു. ഓരോ സ്ഥാനാർത്ഥിയുടെയും പ്രതിനിധിയായി ഒരംഗത്തിന് അദ്ധ്യക്ഷ വേദിയിലേയ്ക്ക് വരാവുന്നതും വോട്ടെണ്ണൽ പ്രക്രിയ നിരീക്ഷിക്കാവുന്നതുമാണ്.

(സ്പീക്കർ സ്ഥാനാർത്ഥികളുടെ ഏജന്റുമാരായ ശ്രീ. കടകംപള്ളി സുരേന്ദ്രൻ, ശ്രീ. ടി.ജെ. വിനോദ് എന്നീ അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ വോട്ടെണ്ണൽ നടത്തി.)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഓർഡർ.....ഓർഡർ..... എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും അവരവരുടെ സീറ്റുകളിൽ ഇരിക്കേണ്ടതാണ്. തെരഞ്ഞെടുപ്പിന്റെ ഫലം ഇപ്പോൾ പ്രഖ്യാപിക്കുന്നതാണ്. ശ്രീ. അൻവർ സാദത്തിന് 40 വോട്ടും ശ്രീ. എ. എൻ. ഷംസീറിന് 96 വോട്ടും ലഭിച്ചിരിക്കുന്നു. ശ്രീ. എ. എൻ. ഷംസീറിനെ നിയമസഭാ സ്പീക്കറായി തെരഞ്ഞെടുത്തതായി ഞാൻ പ്രഖ്യാപിക്കുന്നു.

(മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും പ്രതിപക്ഷനേതാവ് ശ്രീ. വി. ഡി. സതീശനും ചേർന്ന് നിയമസഭാ സ്പീക്കറായി

തെരഞ്ഞെടുക്കപ്പെട്ട ശ്രീ. എ. എൻ. ഷംസീറിനെ അദ്ധ്യക്ഷ വേദിയിലേയ്ക്ക് ആനയിച്ചു.)

(ബഹുമാനപ്പെട്ട സ്പീക്കർ അദ്ധ്യക്ഷവേദിയിൽ ഉപവിഷ്ടനായി.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കേരള നിയമസഭയുടെ സ്പീക്കറായി ചുമതലയേറ്റ അങ്ങയെ ഹൃദയപൂർവ്വം അഭിനന്ദിക്കട്ടെ. നമുക്കേവർക്കും അറിവുള്ളതുപോലെ കേരള നിയമസഭയുടെ ഇരുപത്തിനാലാമത് സ്പീക്കറായാണ് അങ്ങ് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. പ്രഗത്ഭനായ ആർ. ശങ്കരനാരായണൻ തമ്പിയിൽ ആരംഭിക്കുന്നതാണ് ഇവിടത്തെ സഭാദ്ധ്യക്ഷന്മാരുടെ ചരിത്രം. സഭാ നടപടിക്രമങ്ങൾ ഭദ്രമായ ജനാധിപത്യ മാർഗ്ഗത്തിൽ മുന്നോട്ടുകൊണ്ടുപോകുന്നതിന് സഭാംഗങ്ങളുടെ അവകാശങ്ങൾ എല്ലാനിലയ്ക്കും പരിരക്ഷിക്കുന്നതിലും അസാധാരണമായ പ്രാഗത്ഭ്യം പുലർത്തിയ പ്രമുഖരുടെ നിരയാണ് ഈ നിയമസഭയുടെ ചരിത്രത്തിൽ എന്നും നമുക്ക് കാണാൻ കഴിയുന്നത്. മികവാർന്ന ആ പാരമ്പര്യത്തെ കൂടുതൽ ശക്തവും ചൈതന്യവത്തുമായി മുന്നോട്ട് കൊണ്ടുപോകുന്നതിന് അങ്ങേയ്ക്ക് കഴിയുമെന്നതിൽ എനിക്ക് സംശയമേതുമില്ല. താരതമ്യേന ചെറിയപ്രായത്തിൽ സഭാദ്ധ്യക്ഷ

സ്ഥാനത്തുവന്ന നിരവധിപേരുണ്ട്. ആ നിരയിലാണ് അങ്ങയുടെയും സ്ഥാനം. ഇതിലും കുറഞ്ഞ പ്രായത്തിൽ അദ്ധ്യക്ഷ സ്ഥാനത്തുവന്ന സി. എച്ച്. മുഹമ്മദ് കോയയെ പോലുള്ളവരുടെ കാര്യം ഞാൻ മറക്കുന്നില്ല. അത്രത്തോളം ഇളപ്പമില്ലെങ്കിലും പ്രായത്തെ കടന്നുനിൽക്കുന്ന പരിജ്ഞാനവും പക്വതയും അങ്ങേയ്ക്കുണ്ട്. അത് ഈ സഭയുടെ നടത്തിപ്പിന് മുതൽക്കൂട്ടാവുമെന്ന കാര്യത്തിൽ സംശയമില്ല. ഈ നിയമസഭയിലുള്ളതിൽ മുപ്പത്തിയൊന്ന് അംഗങ്ങൾ ഇരുപത്തിയേഴിനും നാൽപ്പത്തിയെട്ടിനും ഇടയിൽ പ്രായമുള്ളവരാണ്. അതായത് സഭയ്ക്ക് പൊതുവിൽ ഒരു യുവത്വം ഉണ്ടെന്നർത്ഥം. ആ പ്രായവിഭാഗത്തിൽപ്പെട്ട ഒരാൾ പതിനഞ്ചാം കേരള നിയമസഭയുടെ അദ്ധ്യക്ഷസ്ഥാനത്തു വരുമ്പോൾ സഭയുടെ സമസ്ത പ്രവർത്തന മണ്ഡലങ്ങളിലും സവിശേഷമായ പ്രസരിപ്പ് പടരുമെന്നുവേണം കരുതാൻ. പതിനഞ്ചാം നിയമസഭയിൽ ആദ്യ സ്പീക്കറായിരുന്ന ശ്രീ. എം. ബി. രാജേഷ് മന്ത്രിസഭാംഗമായതിനെ തുടർന്ന് രാജിവച്ച സാഹചര്യത്തിലാണല്ലോ അങ്ങ് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ടത്. സഭാകാര്യങ്ങൾ നിഷ്പക്ഷമായും കർമ്മോത്സുകമായും മുന്നോട്ടുകൊണ്ടുപോകുന്നതിൽ ശ്രീ. എം. ബി. രാജേഷ് വഹിച്ച

മാതൃകാപരമായ നേതൃത്വത്തെ അഭിനന്ദിക്കാൻകൂടി ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അതേവഴിയിലൂടെതന്നെ അങ്ങും സഞ്ചരിക്കുമെന്ന പ്രത്യാശ പങ്കുവയ്ക്കുകയാണ്. സമൂഹത്തിൽ സജീവമായി ഇടപ്പെട്ട് വളർന്നതിന്റെ പശ്ചാത്തലമുള്ള ആളാണ് പുതിയ സ്പീക്കർ. തലശ്ശേരി കലാപത്തിന്റെ ഘട്ടത്തിൽ ആക്രമണത്തിന് ഇരയായ ഒരു കുടുംബത്തിൽനിന്നും വരുന്ന പ്രതിനിധിയാണ്. അതുകൊണ്ടുതന്നെ മതനിരപേക്ഷതയുടെ മൂല്യം എന്ത് എന്നത് സ്വന്തം കുടുംബത്തിന്റെ അനുഭവത്തിൽനിന്നു തന്നെ അദ്ദേഹം മനസ്സിലാക്കിയിരിക്കുന്നു. ആ അനുഭവ പശ്ചാത്തലവും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്കുള്ള വലിയ മൂലധനമായി മാറും. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ രാഷ്ട്രീയത്തിലേക്ക് കടന്നുവന്ന ആളാണ് അദ്ദേഹം. കണ്ണൂർ സർവ്വകലാശാല യൂണിയന്റെ പ്രഥമ ചെയർമാനായിരുന്നു. എസ്.എഫ്.ഐ.-യുടെയും ഡി.വൈ.എഫ്.ഐ.-യുടെയും നേതൃത്വങ്ങളിൽ ദീർഘകാലം പ്രവർത്തിച്ച അനുഭവവും സംഘടനാ പാടവവും അദ്ദേഹത്തിന് കൈമുതലായുണ്ട്. നരവംശശാസ്ത്രത്തിലും നിയമത്തിലും ബിരുദാനന്തര ബിരുദം നേടിയിട്ടുള്ള അങ്ങ് അക്കാദമിക മികവും സമരവീര്യവും സംയുക്തമായി മുന്നോട്ടുകൊണ്ടുപോകുന്നതിന്റെ

മാതൃകക്കൂടിയാണ്. പഠനരംഗത്ത് മികവുപുലർത്താൻ സമരത്തെയോ സമര രംഗത്തുനിൽക്കാൻ പഠനത്തെയോ തിരസ്കരിക്കേണ്ടതില്ല എന്ന് അദ്ദേഹം തെളിയിക്കുകയുണ്ടായി. കഴിഞ്ഞ പതിറ്റാണ്ടുകളിലെ എത്രയോ വിദ്യാർത്ഥി സമരങ്ങളുടെ നേതൃനിരയിൽ അദ്ദേഹത്തിന്റെ മികവ് പ്രകടമായി. പ്രൊഫഷണൽ കോളേജ് കൗൺസിലിംഗുമായി ബന്ധപ്പെട്ട് നടന്ന സമരത്തിൽ ക്രൂരമായ മർദ്ദനത്തിന് ഇരയായിട്ടുണ്ട്. കള്ളക്കേസിൽ കുടുങ്ങേണ്ടി വന്നിട്ടുണ്ട്. മൂന്നുമാസത്തിലധികം ജയിലിൽ കിടക്കേണ്ടി വന്നിട്ടുണ്ട്. വർഗ്ഗീയശക്തികളുടെ ശാരീരികമായ ആക്രമണങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. പല കാര്യങ്ങളിലും ഇന്ത്യയിലെ നിയമ നിർമ്മാണ സഭകൾക്ക് മാതൃകയായി മാറിയ ചരിത്രമാണ് കേരള നിയമസഭയ്ക്കുള്ളത്. പുതിയ മാതൃകകൾ സൃഷ്ടിക്കാനും ജനങ്ങളുടെ നീറുന്ന ആവശ്യങ്ങൾ സഭയിൽ പ്രതിഫലിക്കുമെന്ന് ഉറപ്പുവരുത്തുവാനും ജനങ്ങളുടെയും ഈ നാടിന്റെയും ഭാഗധേയം നിർണ്ണയിക്കുന്ന നിയമ നിർമ്മാണങ്ങൾക്ക് ചാലക ശക്തിയാകാനും അങ്ങേയ്ക്ക് കഴിയട്ടെ. ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവാദിത്വം ഗവൺമെന്റ് ബിസിനസ്സുകൾ തടസ്സമില്ലാതെ മുന്നോട്ടുകൊണ്ടുപോകുന്നതിന് ആവശ്യമായ സാഹചര്യം സൃഷ്ടിക്കലും

പ്രതിപക്ഷത്തിന്റെ ജനാധിപത്യപരമായ ആവശ്യങ്ങൾ അനുവദിച്ചുകൊടുക്കലുമാണ്. രണ്ടും സമതുലിതമായ വിധത്തിൽ പാലിച്ചുകൊണ്ട് സഭാനടപടിക്രമങ്ങൾ സുഗമമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന സാഹചര്യം സൃഷ്ടിക്കാൻ പുതിയ സ്പീക്കർക്ക് കഴിയും. സഭയുടെ അന്തസ്സും അച്ചടക്കവും പരിപാലിച്ചുകൊണ്ട് സഭയുടെ പ്രവർത്തനങ്ങളെ ജനാധിപത്യത്തിന്റെ ചരിത്രത്തിലെ ഈടുവയ്പ്പായി മാറ്റാൻ കഴിയുന്ന തരത്തിലേക്ക് ഉയരാൻ അങ്ങേയ്ക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, കേരള നിയമസഭയുടെ 24-ാമത് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ പ്രതിപക്ഷത്തിനുവേണ്ടിയും എന്റെ പാർട്ടിക്കുവേണ്ടിയും ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്.

അങ്ങ് സഭാനാഥന്റെ ഡയസ്സിലേക്കുള്ള ചവിട്ടുപടികൾ കയറിയപ്പോൾ ചരിത്രത്തിലേക്കുകൂടിയാണ് നടന്നുകയറിയതെന്നാണ് എനിക്ക് വിനയപൂർവ്വം ഓർമ്മിപ്പിക്കുവാനുള്ളത്. കാരണം, സംഭവബഹുലവും വർണ്ണാഭവുമായ ഒരു ചരിത്രമുള്ള നിയമനിർമ്മാണ സഭയാണ് കേരള നിയമസഭ. നമ്മൾ പലതുകൊണ്ടും വ്യത്യസ്ഥരാണ്. ഞാൻ എം.എൽ.എ.

ആയി വന്ന ആദ്യപത്തുവർഷക്കാലം ആദ്യത്തെ നിയമസഭകളിൽ പരിണിതപ്രജ്ഞരായ സഭാംഗങ്ങൾ നടത്തിയ ചർച്ചകൾ നിരന്തരമായി നമ്മുടെ ലൈബ്രറിയിൽ പോയി വായിക്കുമായിരുന്നു. ഇപ്പോഴും നമ്മെ വിസ്മയിപ്പിക്കുന്ന, അത്ഭുതകരമായ പാണ്ഡിത്യമുള്ള, ആഴമുള്ള അറിവുള്ള ചർച്ചകളെല്ലാം ഈ നിയമസഭയിൽ നടന്നിട്ടുണ്ട്. പ്രഗത്ഭരായ സ്പീക്കർമാർ എല്ലാവരും ആ സ്ഥാനത്തിരുന്നുകൊണ്ട് അത്തരം ഡിബേറ്റുകളെ, അത്തരം ഗൗരവതരമായ ചർച്ചകളെ പൊതുസമൂഹത്തിന് ഗുണപ്രധാനമായ അത്തരം കാര്യങ്ങളെ ഏറ്റവും നന്നായി പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. സഭാനാഥനായ സ്പീക്കറുടെ അനുമതിയില്ലാതെ, അല്ലെങ്കിൽ സ്പീക്കറുടെ പിന്തുണയില്ലാതെ ഗൗരവതരമായ ഒരു ചർച്ചയും നിയമസഭയിൽ നടക്കുകയില്ല. അങ്ങനെ വിഖ്യാതമായ ഒരുപാട് പ്രധാനികളായ ആളുകളുടെ അറിവും ജീവിതാനുഭവങ്ങളും കൂട്ടിച്ചേർത്തുകൊണ്ട് ഇവിടെ നടത്തിയ പ്രധാനപ്പെട്ട പ്രസംഗങ്ങളെല്ലാം ഈ നിയമസഭയുടെ അന്തസ്സിനെയും പാരമ്പര്യത്തെയും ഉയർത്തിപ്പിടിക്കുന്ന ഒന്നാണ്. ഇടക്കാലത്തുവച്ച് നമുക്ക് അതെല്ലാം എവിടെയോ നഷ്ടപ്പെട്ടുപോയെങ്കിലും അതെല്ലാം നാം തിരിച്ചുപിടിക്കാനുള്ള ശ്രമത്തിലാണ്. ഇന്ന് ഇന്ത്യയിലെ ഏത് നിയമസഭയിൽ നിന്നുംവരുന്ന

നിയമസഭാ സാമാജികരോട് സംസാരിക്കുമ്പോഴും നമ്മുടെ രാജ്യത്തുതന്നെ ഏറ്റവും കൂടുതൽ ദിവസങ്ങളിൽ സഭ സമ്മേളിക്കുന്നത് കേരള നിയമസഭയിലാണെന്ന് നമുക്ക് അഭിമാനത്തോടുകൂടി പറയാൻ കഴിയും. സഭ സമ്മേളിക്കുമ്പോൾ അപൂർവ്വമായി മാത്രമുണ്ടാകുന്ന സഭാസ്തംഭനങ്ങൾ ഒഴികെ ബാക്കിയുള്ള സമയങ്ങളിലെല്ലാം  നിയമനിർമ്മാണ കാര്യത്തിലാണെങ്കിലും മറ്റ് സംവാദങ്ങളിലാണെങ്കിലും ഇന്ത്യയിലെ ഏത് നിയമസഭയെക്കാളും മുന്നിൽ നിൽക്കുന്ന ഒരു സഭ എന്നുള്ള ഒരു അഭിമാനബോധം നമുക്കെല്ലാവർക്കുമുണ്ട്. ഈ പാരമ്പര്യത്തെയും, ഈ legacy-യെയും ഒരുമിപ്പിച്ച്  ഉയർത്തിപ്പിടിച്ച് കൊണ്ടുപോകുക എന്നുള്ള ചരിത്രപ്രധാനമായ ചുമതലയാണ് അങ്ങേയ്ക്കുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ വിദ്യാർത്ഥി  യുവജന രാഷ്ട്രീയത്തിൽ വളരെ സജീവമായി പ്രവർത്തിച്ച അങ്ങ് പൊതുപ്രവർത്തനത്തിന്റെ പാരമ്പര്യവും അനുഭവവുമെല്ലാം ചേർത്തുവച്ചുകൊണ്ട് ഉന്നതമായ സ്ഥാനത്തിന് അനുയോജ്യമായ രീതിയിൽ പ്രവർത്തിക്കുമെന്ന് ഞങ്ങൾക്ക് പൂർണ്ണമായ ഉറപ്പുണ്ട്. നിയമസഭാ സ്പീക്കർ ഒരു റഫറിയാണെന്നോ അല്ലെങ്കിൽ നിഷ്പക്ഷനായ ഒരാൾ ആകണമെന്നോ  ഉള്ള അഭിപ്രായമുള്ള ആളല്ല ഞാൻ.

തീർച്ചയായും ഗവൺമെന്റിന്റെ പ്രവർത്തനങ്ങളും ഗവൺമെന്റിന് ആവശ്യമായ നടപടിക്രമങ്ങളും ഭരണഘടനാപരമായ obligations-ഉം നടത്തിക്കൊടുക്കാനുള്ള ചുമതല സ്പീക്കർക്കുണ്ട്. നമ്മുടെ സഭാ ചരിത്രത്തിൽ പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ ഏറ്റവും സുപ്രധാനമാണ്. അതേയവസരത്തിൽത്തന്നെ ഞങ്ങൾ നമ്പരിൽ കുറവാണെങ്കിലും പ്രതിപക്ഷത്തിന്റെ അവകാശങ്ങൾ സംരക്ഷിച്ചുതരുന്ന കാര്യത്തിൽ അങ്ങ് മുൻപന്തിയിൽ നിൽക്കുമെന്ന കാര്യത്തിലും എനിക്ക് പൂർണ്ണമായ ഉറപ്പുണ്ട്. അങ്ങ് ഈ പദവി ഏൽക്കുമ്പോൾ ഈ പദവിയിൽ നിന്ന് മന്ത്രി സ്ഥാനത്തേക്ക് പോയ മുൻ നിയമസഭാ സ്പീക്കർ ശ്രീ. എം. ബി. രാജേഷിനെ ഞാൻ പ്രത്യേകമായി അദ്ദേഹത്തിന്റെ മന്ത്രിസ്ഥാനലബ്ധിയിൽ അഭിനന്ദിക്കുകയും സ്പീക്കർ എന്നനിലയിൽ അദ്ദേഹം ആ സ്ഥാനത്തിന്റെ എല്ലാ മഹത്വവും ഉയർത്തിപ്പിടിച്ചുകൊണ്ട് പ്രവർത്തിച്ചത് പ്രത്യേകമായി പരാമർശിക്കാനും ഞാൻ ഈയവസരം ഉപയോഗിക്കുന്നു. സ്പീക്കറുമായിട്ടുള്ള സംഘർഷങ്ങൾ ഏറ്റവും കുറവുള്ള ഒരു സമയമായിരുന്നു കഴിഞ്ഞ കുറെ മാസങ്ങളായി ഉണ്ടായിരുന്നത്. അത് വളരെ അപൂർവ്വമായി മാത്രമാണുള്ളത്. അതൊന്നും വ്യക്തിപരമായിരുന്നില്ല. അദ്ദേഹം ആ സ്ഥാനത്തിരുന്നുകൊണ്ട്

പ്രതിപക്ഷത്തിന്റെ അവകാശങ്ങളെ സംരക്ഷിക്കാനും വളരെ ശക്തമായ ഒരു ഡിബേറ്റ് എല്ലാകാര്യത്തിനും ഉണ്ടാകുന്നതിനുവേണ്ടി പ്രോത്സാഹിപ്പിക്കുകയും അദ്ദേഹം അത് വളരെ ഗൗരവത്തോടുകൂടി തന്നെ....., എനിക്കുതോന്നുന്ന ഇവിടെ നടന്ന ഏറ്റവും ഗൗരവതരമായ ചർച്ചകൾ ഏറ്റവും നന്നായി ആസ്വദിച്ച ഒരു സ്പീക്കർ കൂടിയായിരുന്ന ശ്രീ. എം. ബി. രാജേഷ് എന്ന് ഞാൻ പ്രത്യേകം പറയാൻ ആഗ്രഹിക്കുന്നു. അങ്ങയുടെ ചുമതലകൾ ഏറ്റവും ഭംഗിയായി നിർവ്വഹിക്കാൻ, ചരിത്രത്തിന്റെ ഭാഗമായിത്തീരാൻ കഴിയുന്ന ഒരു സ്പീക്കറായി മാറാൻ അങ്ങേയ്ക്ക് കഴിയട്ടെയെന്ന ആശംസകൾ കൂടി അർപ്പിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, കേരള നിയമസഭയുടെ 24-ാമത് സഭാനാഥനായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഞാൻ എന്റെ പാർട്ടിയുടെ പേരിൽ ഈ സന്ദർഭത്തിൽ പ്രശംസിക്കുകയാണ്, ആശംസകൾ അറിയിക്കുകയാണ്.

ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഇവിടെ സൂചിപ്പിച്ച കഴിഞ്ഞകാല അനുഭവങ്ങളുടെയും ചരിത്രങ്ങളുടെയും കാര്യങ്ങളൊന്നും ആവർത്തിക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. കേരള നിയമസഭയ്ക്ക് വലിയ

പാരമ്പര്യമാണുള്ളത്. ആദ്യ സ്പീക്കർ ശങ്കരനാരായണൻ തമ്പി മുതൽ ഇപ്പോൾ അങ്ങയിൽ എത്തിനിൽക്കുന്ന ഈ നിയമസഭയുടെ ചരിത്രത്തിലെ കഴിഞ്ഞ നാളുകളിലെ എല്ലാ അനുഭവങ്ങളും പാഠമായി നമ്മുടെയും അങ്ങയുടെയും മുമ്പിലുണ്ടാകുമെന്ന് ഞാൻ കരുതുകയാണ്. അതിനെല്ലാം പുറമെ യുവജന വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ വലിയ പോരാട്ടങ്ങളും സമരങ്ങളും നടത്തിക്കൊണ്ട് ഒരുപാട് അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മുന്നോട്ടുവന്നിട്ടുള്ള അങ്ങ്, ആ അനുഭവങ്ങളുടെ പാകതയാർന്ന ഒരു സമീപനത്തിലൂടെ ഈ നിയമസഭാനടപടികൾ നടത്തിക്കൊണ്ടുപോകുന്നതിന് എല്ലാവിധ കഴിവുകളും പ്രകടിപ്പിക്കുമെന്ന് ഞാൻ പ്രത്യാശിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ സർക്കാരിന്റെ ബിസിനസ് നടത്തിക്കൊടുക്കുന്നതോടൊപ്പം ജനാധിപത്യ സംവിധാനത്തിൽ പ്രതിപക്ഷത്തിനുള്ള അവകാശങ്ങൾകൂടി പരിഗണിച്ചുകൊണ്ട് ഈ കാര്യങ്ങൾ കുറ്റമറ്റരീതിയിൽ നടത്തിക്കൊണ്ടുപോകുന്നതിന് മുൻഗാമികളായിരുന്ന, പ്രത്യേകിച്ച് തൊട്ടുമുമ്പുണ്ടായിരുന്ന ശ്രീ. എം. ബി. രാജേഷ്, എല്ലാത്തരത്തിലുള്ള പ്രവർത്തനങ്ങളിലും കാണിച്ചിട്ടുള്ള മികവ് അങ്ങയുടെ ഭാഗത്തുനിന്നുമുണ്ടാകും

എന്നുഞാൻ കരുതുകയാണ്. നിയമസഭയിൽ പ്രത്യേകിച്ച്, വളരെ ചെറുപ്പത്തിൽത്തന്നെ ഇത്തരമൊരു സ്ഥാനലബ്ധിയിലേക്ക് എത്തിയിട്ടുള്ള അങ്ങ് തീർച്ചയായും വരാനിരിക്കുന്ന നാളുകളിൽ ഇനിയും പടവുകൾ ചവിട്ടി മുന്നോട്ടുപോകേണ്ട ഒരു വ്യക്തിത്വത്തിന്റെ ഉടമയാണ് എന്നുഞാൻ കരുതുകയാണ്. അതുകൊണ്ടുതന്നെ എല്ലാ അർത്ഥത്തിലും നമ്മുടെ നിയമസഭയുടെ കഴിഞ്ഞകാല ചരിത്രങ്ങൾ ഓർമ്മിച്ചുകൊണ്ടും അവരൊക്കെ നടത്തിയിട്ടുള്ള പ്രശംസയാർന്ന പ്രവർത്തനശൈലി ഏറ്റെടുത്തുകൊണ്ടും തന്റെ ഉത്തരവാദിത്വം നിർവ്വഹിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ടും പ്രത്യാശിച്ചുകൊണ്ടും എല്ലാവിധ ആശംസകളും അറിയിച്ചുകൊണ്ട് നിർത്തുന്നു. നമസ്കാരം.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഇ. ചന്ദ്രശേഖരനുമൊക്കെ ഇവിടെ പറഞ്ഞതുപോലെ ഈ പശ്ചാത്തലത്തിൽ അങ്ങയെ അഭിനന്ദിക്കുന്നതിൽ എനിക്കും വളരെയധികം സന്തോഷമുണ്ട്. പുതിയ തലമുറയുടെ പ്രതിനിധിയായി ഇത്ര മഹത്തായൊരു സ്ഥാനത്തുവന്ന അങ്ങയുടെ പൊതുജീവിതം കൂടുതൽ ശോഭനമാകട്ടെയെന്നും ദീർഘകാലം മുന്നിലുള്ള അങ്ങേയ്ക്ക് നിരവധി

കാര്യങ്ങൾ ചെയ്യാൻ സാധിക്കട്ടെയെന്നും ഞാൻ ഈ സന്ദർഭത്തിൽ ആശംസിക്കുകയാണ്. കേരള നിയമസഭയുടെ മുഖ്യസ്ഥാനത്താണ് അങ്ങെന്ന് ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമൊക്കെ പറഞ്ഞത് ശരിയാണ്. സാക്ഷരതയും ഡിജിറ്റൽ സാക്ഷരതയുമൊക്കെയുള്ള ഒരു സൊസൈറ്റിയുടെ, ഇന്ത്യയിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന, ഏറ്റവും നിലവാരം പുലർത്തുന്ന നിയമസഭ എന്നതന്നെ നമ്മുടെ നിയമസഭയെ വിശേഷിപ്പിക്കാവുന്നതാണ്. താരതമ്യം ചെയ്തുനോക്കിയാൽ എന്തുകൊണ്ടും ഇവിടത്തെ ജനങ്ങളും ജനപ്രതിനിധികളും നടപടിക്രമങ്ങളും മുമ്പിലാണെന്ന് കാണാം. വളരെ ചെറിയ എക്സംപ്ഷൻസൊക്കെ മാറ്റി നിർത്തിയാൽ, ഉദ്ദേശിച്ച തലത്തിൽത്തന്നെ ഡിബേറ്റ് നടത്തിപോകുന്ന ഒന്നാണ് നമ്മുടെ നിയമസഭ. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രത്യേകം പരാമർശിച്ചതുപോലെ മുൻസ്പീക്കർ അദ്ധ്യക്ഷനായിരുന്ന സമയത്തെ ഏറ്റവും പുതിയ നടപടിക്രമങ്ങൾ പരിശോധിച്ചാൽ അദ്ദേഹത്തിന്റെ സമയത്ത് നല്ല നിലവാരം പുലർത്തിക്കൊണ്ടുതന്നെയാണ് കഴിഞ്ഞ ഒരു വർഷം മുന്നോട്ടുപോയത്. പഴയകാലം നോക്കുകയാണെങ്കിൽ, വളരെ പ്രഗത്ഭരായ, മഹാരഥന്മാരായ നിയമസഭാ അദ്ധ്യക്ഷന്മാരൊക്കെ ഇരുന്ന സ്ഥാനത്താണ്

അങ്ങ് ഇരിക്കുന്നത്. ഒന്നിലധികം സഭാദ്ധ്യക്ഷന്മാരെ സംഭാവന ചെയ്ത പാർട്ടിയാണ് എന്റെ പാർട്ടി എന്നതിൽ എനിക്ക് പ്രത്യേകം അഭിമാനം തോന്നുന്നു. അതൊക്കെ ചരിത്രത്തിന്റെ ഭാഗമാണ്. ഈ സ്ഥാനത്തിരുന്നുകൊണ്ട് അങ്ങ് വളരെ പ്രാഗത്ഭ്യത്തോടും നിഷ്പക്ഷമായും കാര്യങ്ങൾ കൈകാര്യം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. നിയമസഭാ സാമാജികൻ എന്ന നിലയിൽ വളരെ ഷാർപ്പായി പ്രസംഗിക്കുകയും പ്രസംഗം കഴിഞ്ഞാൽ നമ്മോടൊപ്പം വന്നിരുന്ന് നല്ല സൗഹൃദങ്ങൾ പങ്കിടുന്നതും അങ്ങയുടെ പതിവാണ്. ഉള്ളിൽ നല്ലയാളാണ് എന്നുള്ളതാണ് അത് കാണിക്കുന്നത്. ആ സൗഹൃദം പങ്കിട്ടുകൊണ്ട് സഭാദ്ധ്യക്ഷന്റെ സ്ഥാനത്തും അങ്ങേയ്ക്ക് വളരെ നിഷ്പക്ഷമായും പ്രതിപക്ഷത്തിന്റെ കാര്യങ്ങളൊക്കെ നോക്കിയും സഭയുടെ അന്തസ്സ് ഉയർത്തിയും പ്രവർത്തിക്കാൻ കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. പ്രത്യേകമായി ഈ സന്ദർഭത്തിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്.

ചീഫ് വിപ്പ് <u>(ഡോ. എൻ. ജയരാജ്)</u>: സർ, കേരള നിയമസഭയുടെ 24-ാമത് സഭാദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഞാൻ എന്റെ പാർട്ടിക്കുവേണ്ടിയും വ്യക്തിപരമായും അഭിനന്ദിക്കുകയാണ്.

വളരെ യൗവ്വനത്തിൽത്തന്നെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ ഒരു യൗവ്വനമുള്ള കേരള നിയമസഭയുടെ അദ്ധ്യക്ഷനായി കടന്നുവരാൻ കഴിഞ്ഞത് വലിയൊരു ഭാഗ്യമാണ്. കഴിഞ്ഞ കാലഘട്ടങ്ങളിൽ 23 സഭാദ്ധ്യക്ഷൻമാർ കടന്നുപോയ ഏറ്റവും മഹനീയമായൊരു സ്ഥാനത്തേയ്ക്ക് കടന്നുവരുമ്പോൾ സഭയുടെയും ഗവൺമെന്റിന്റെയും പ്രതിപക്ഷത്തിന്റെയുമൊക്കെ ആവശ്യങ്ങളും അവകാശങ്ങളുമെല്ലാം നിലനിർത്തിക്കൊണ്ട് സഭയെ ഏറ്റവും ഭംഗിയായി മുന്നോട്ട് കൊണ്ടുപോകാൻ അങ്ങേയ്ക്ക് കഴിയട്ടെയെന്ന് ഞാൻ ആശംസിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, അങ്ങയുടെ പിൻഗാമിയായിരുന്ന ബഹുമാനപ്പെട്ട മുൻ സ്പീക്കർ വളരെ സർഗ്ഗാത്മകമായ സംവാദത്തിന്റെ വേദിയായി ഈ നിയമസഭയെ മാറ്റിയത് കഴിഞ്ഞ കാലഘട്ടങ്ങളിലാണ്. മുൻ സ്പീക്കർമാരുടെ വലിയൊരു നിരതന്നെ നമ്മുടെ മുന്നിലുണ്ട്. മാത്രമല്ല, കേരള നിയമസഭ വളരെ ഗൗരവമായ ഒട്ടേറെ വിഷയങ്ങൾ ഏറ്റെടുക്കുകയും പ്രാധാന്യമുള്ള കാലികപ്രശ്നങ്ങളെ കുറിച്ച് നല്ല സംവാദങ്ങൾ നടത്താറുമുണ്ട്. സഭയുടെ പ്രവർത്തനങ്ങൾക്കപ്പുറത്തേയ്ക്ക് സംസ്കാരികമായ ഒരുപാട് തലങ്ങളിലേയ്ക്ക് സഭാപ്രവർത്തനങ്ങളെ

കൊണ്ടുപോകാൻ കഴിഞ്ഞ കാലഘട്ടങ്ങളിൽ കഴിഞ്ഞിട്ടുണ്ട്. അത്തരം പ്രവർത്തന നിരതമായൊരു കാലഘട്ടത്തിന്റെ മുമ്പോട്ടുള്ള യാത്രയുടെ നേതൃത്വം ഏറ്റെടുക്കുമ്പോൾ അങ്ങേയ്ക്ക് ഒരിക്കൽക്കൂടി എല്ലാവിധ ഭാവുകങ്ങളും അർപ്പിക്കുന്നു. ഏറ്റവും മികച്ച പ്രവർത്തനത്തിന്റെ കാലഘട്ടമായി നമ്മുടെ സഭാ സമ്മേളനത്തിന്റെ വരുംദിവസങ്ങൾ മാറട്ടെയെന്നുള്ള ഹൃദയപൂർവ്വമായ ആശംസകളോടെ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു. നന്ദി. നമസ്കാരം.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, കേരള നിയമസഭയുടെ 24-ാമത് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളുമെല്ലാം പ്രകടിപ്പിച്ച വികാരങ്ങളോട് ഞാനും യോജിക്കുകയാണ്. യഥാർത്ഥത്തിൽ, ഗവൺമെന്റിന്റെ കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുകയെന്നത് പ്രാധാന്യമുള്ള കാര്യമാണ്. ഒപ്പംതന്നെ പ്രാധാന്യമുള്ളതാണ് പ്രതിപക്ഷത്തിന്റെ അവകാശങ്ങളും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനും മറ്റംഗങ്ങൾക്കുമുള്ള അവകാശങ്ങൾ സംരക്ഷിക്കേണ്ട വലിയ ചുമതലയാണ് അങ്ങിൽ അർപ്പിതമായിരിക്കുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ, ഭരണകക്ഷിയിൽനിന്ന് അതിശക്തമായി

വാദിക്കുമ്പോഴും പ്രതിപക്ഷത്തുള്ളവരുമായി സൗഹൃദം പുലർത്തുന്നതിൽ അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടെന്നുള്ളത് ഞാനിവിടെ പ്രത്യേകമായി എടുത്തുപറയുകയാണ്. ആ നിലയ്ക്ക് വളരെ വിജയകരമായി കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ അങ്ങേയ്ക്ക് കഴിയുമെന്നതിൽ സംശയമില്ല. മുൻ സ്പീക്കർ ശ്രീ. എം. ബി. രാജേഷ് ഈ സഭയുടെ അഭിമാനം ഉയർത്തിപ്പിടിച്ചിട്ടുണ്ട്. ഭരണപക്ഷത്തിന്റെയും പ്രതിപക്ഷത്തിന്റെയും അവകാശങ്ങൾ ബാലൻസ് ചെയ്ത് സംരക്ഷിച്ചുകൊണ്ടുപോകാൻ കഴിഞ്ഞ അദ്ദേഹത്തെ പ്രത്യേകം അഭിനന്ദിക്കുകയാണ്. ശ്രീ. കെ. രാധാകൃഷ്ണനെയും ഞാൻ പ്രത്യേകമായി ഓർക്കുകയാണ്. ഈ സഭയിലെ മുൻ സ്പീക്കർമാരിൽ നല്ലപങ്കും സഭയുടെ അഭിമാനം ഉയർത്തിയിട്ടുള്ളവരാണ്. നിയമനിർമ്മാണ സഭയെന്ന് പറയുന്നുവെങ്കിലും ഇപ്പോൾ നിയമനിർമ്മാണ സഭ മാത്രമല്ല, ജനങ്ങളെ ബാധിക്കുന്ന ഒട്ടേറെ വിഷയങ്ങൾ അവതരിപ്പിക്കാനുള്ളൊരു ഫോറംകൂടിയാണിത്. വികസന പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യമുള്ള കാലഘട്ടമാണിത്. സമൂഹത്തിൽ അപ്പപ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ ഉന്നയിക്കുവാനും ഭരണകക്ഷിയെ വിമർശിക്കുവാനും നിരീക്ഷിക്കുവാനും നിർദ്ദേശങ്ങൾ സമർപ്പിക്കുവാനുമുള്ള പ്രതിപക്ഷത്തിന്റെ റോൾ ഭംഗിയായി

നിർവ്വഹിക്കാൻ അങ്ങ് അവസരമൊരുക്കുമെന്ന് ഞാൻ ന്യായമായും പ്രതീക്ഷിക്കുന്നു. ഈ സഭയുടെ അന്തസ്സ് ഉയർത്തിപ്പിടിച്ചുകൊണ്ട്, ഭരണപക്ഷത്തിന്റെയും പ്രതിപക്ഷത്തിന്റെയും അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് മുന്നോട്ടുപോകാൻ അങ്ങേയ്ക്ക് കഴിയട്ടെയെന്ന് ആശംസിക്കുന്നു.

ശ്രീ. മാത്യു ടി. തോമസ്: സർ, കേരള നിയമസഭയുടെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അഭിനന്ദിക്കുകയും എല്ലാ ആശംസകളും നേരുകയും ചെയ്യാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. 14-ാം കേരള നിയമസഭയിൽ എത്തുന്ന സമയം മുതൽ ഇന്നുവരെ ഏറ്റവുംകൂടുതൽ സമയം സഭയിലിരിക്കുകയും സഭയിലെ എല്ലാ നടപടിക്രമങ്ങളും ശ്രദ്ധാപൂർവ്വം വീക്ഷിക്കുകയും പരമാവധി ഇടപെടലുകൾ നടത്താൻ ശ്രമിക്കുകയും ചെയ്തൊരു സമാജികനാണ് അങ്ങ്. വളരെ ഗൗരവപൂർവ്വം നിയമസഭാ പ്രവർത്തനങ്ങളെ കണ്ടൊരു സാമാജികനെന്ന നിലയിൽ ഈ നിയമസഭയ്ക്ക് നേതൃത്വം നൽകാൻ അങ്ങേയ്ക്ക് കരുത്തുണ്ടെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് പൂർണ്ണ വിശ്വാസമുണ്ട്. ബോധ്യപ്പെട്ട രാഷ്ട്രീയത്തോട് അചഞ്ചലമായ കൂറും ആത്മാർത്ഥതയും പ്രകടിപ്പിക്കുന്നവർക്ക് ഏത്

ഉത്തരവാദിത്വവും വിജയകരമായി നിറവേറ്റാൻ കഴിയുമെന്ന വിശ്വാസം എനിക്കുണ്ട്. അങ്ങ് ഇനിയുള്ള ദിവസങ്ങളിൽ അത് തെളിയിക്കാൻ പോകുന്നുവെന്നുള്ള പൂർണ്ണമായ വിശ്വാസമാണ് ഞങ്ങൾക്ക് പ്രകടിപ്പിക്കുവാനുള്ളത്.

കേരള മോഡൽ എന്നത് നമ്മുടെ വികസനവും ക്ഷേമവും ഉയർച്ചയും വളർച്ചയും മാത്രമല്ല, നിയമസഭാ പ്രവർത്തനങ്ങളുടെ കാര്യത്തിലും രാജ്യത്തിന് മാതൃക സൃഷ്ടിച്ചൊരു സംസ്ഥാനമാണ് നമ്മുടേത്. സബ്ജക്ട് കമ്മിറ്റികൾ രാജ്യത്ത് ആദ്യമായി ആരംഭിച്ചത് ഈ സംസ്ഥാനത്താണ്. നിരവധി നിയമനിർമ്മാണ പ്രക്രിയകളടക്കം രാജ്യത്ത് മാതൃകയാകുന്ന പല നിയമസഭാ പ്രവർത്തനങ്ങൾക്കും നേതൃത്വം കൊടുത്തൊരു നിയമസഭയുടെ അധിപനായിട്ടാണ് അങ്ങ് തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്. ഇവിടെ മുൻ സ്പീക്കർ ബഹുമാന്യനായ എം. ബി. രാജേഷിനെ സംബന്ധിച്ചും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചും സൂചിപ്പിച്ചു. നിയമസഭയുടെ അന്തസ്സ് ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞ നാളുകളിൽ നമുക്ക് കഴിഞ്ഞിട്ടുണ്ട്. തീർച്ചയായും അങ്ങയുടെ കാലഘട്ടത്തിലും അതിന് കഴിയും എന്നുതന്നെ ഞാൻ വിശ്വസിക്കുകയാണ്.

കഴിഞ്ഞ നാളുകളിലെ നേട്ടത്തിന്റെ ചരിത്രം പറഞ്ഞിരിക്കുക മാത്രമല്ല, പുത്തൻ ചരിത്രമെഴുതാനായി ഈ സഭയെ നയിക്കാൻ അങ്ങേയ്ക്ക് ഇടയാകട്ടെ എന്ന് ആശംസിക്കുന്നു. എല്ലാ അഭിനന്ദനങ്ങളും അങ്ങയെ അറിയിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, നിയമസഭാ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഞാൻ അഭിനന്ദിക്കുകയാണ്. ശക്തമായ രാഷ്ട്രീയ സംവാദങ്ങൾക്കിടയിലും നല്ല വ്യക്തിബന്ധങ്ങൾ വച്ചുപുലർത്താൻ അങ്ങേയ്ക്ക് കഴിയുന്നു എന്നത് അങ്ങുതന്നെ ഒരു ചാനൽ ഇന്റർവ്യൂവിൽ പറഞ്ഞത് ഞാൻ കേൾക്കുകയുണ്ടായി. അങ്ങയുടെ ആത്മവിശ്വാസമാണ് ആ വാക്കുകളിൽ പ്രതിഫലിച്ചത്. ഈ സ്ഥാനത്തിരുന്ന് വളരെ ഭംഗിയായി ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാൻ അങ്ങേയ്ക്ക് കഴിയുമെന്നതാണ് ആ വാക്കുകളിലൂടെ എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. നിയമസഭ എന്നുപറയുന്നത് ജനാധിപത്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകങ്ങളിലൊന്നാണ്.

ജനങ്ങളെയും പൊതുസമൂഹത്തെയും ബാധിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് ഓരോ എം.എൽ.എ.-മാരും ഉന്നയിക്കുന്ന പ്രശ്നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും ഗവൺമെന്റ് നടപ്പിലാക്കേണ്ട

കാര്യങ്ങളെല്ലാം കൃത്യമായ നിലയിൽ മുന്നോട്ടുപോകുന്നുവെന്ന് ഉറപ്പുവരുത്താനും ബഹുമാനപ്പെട്ട ചെയറിന് സാധ്യമാകണം. ഗവൺമെന്റിന്റെ ബിസിനസ്സുകളുമായി മുന്നോട്ടുപോകുമ്പോൾ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ പ്രതിപക്ഷത്തിന്റെ എല്ലാ അവകാശങ്ങളെയും സംരക്ഷിക്കുകയെന്ന വർദ്ധിതമായ ദൗത്യവും അങ്ങയിലുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതിനെ അടിവരയിടുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങയുടെ ചെറുപ്പവും അനുഭവസമ്പത്തും ഈ പുതിയ സ്ഥാനലബ്ധി വളരെ കൃത്യമായി മുന്നോട്ട് കൊണ്ടുപോകാൻ അങ്ങേയ്ക്ക് സാധ്യമാക്കും. ശ്രീ. എം. ബി. രാജേഷ് വളരെ ചുരുങ്ങിയ സന്ദർഭമാണ് സ്പീക്കറായി ഇരുന്നത്. ആ ചുരുങ്ങിയ കാലയളവിനുള്ളിൽത്തന്നെ അദ്ദേഹത്തിന് മികച്ചൊരു സ്പീക്കറെന്ന പേര് നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. തീർച്ചയായും അതേനിലയിൽ മുന്നോട്ട് വരാനും ഈ ഉത്തരവാദിത്വത്തെ ഏറ്റവും ഭംഗിയായി നിർവ്വഹിക്കുവാനും അങ്ങേയ്ക്ക് സാധിക്കട്ടെ. വ്യക്തിപരമായും പാർട്ടിയുടെ പേരിലുമുള്ള അഭിനന്ദനങ്ങൾ അങ്ങയെ അറിയിക്കുന്നു.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഉൾപ്പെടെയുള്ളവർ ഈ സഭയിൽ രേഖപ്പെടുത്തിയിട്ടുള്ള അഭിപ്രായങ്ങളോടും വികാരത്തോടും ഞാനും യോജിക്കുകയാണ്. വിഖ്യാതമായ ഈ നിയമസഭയുടെ 24-ാമത് സ്പീക്കർ പദവിയിലേയ്ക്കെത്തുന്ന അങ്ങേയ്ക്ക് ഒരിക്കൽക്കൂടി ഹൃദയപൂർവ്വം അഭിനന്ദനങ്ങളും ആശംസകളും നേരുകയാണ്. നമ്മുടെ ജനാധിപത്യ സംവിധാനത്തിലെ സുപ്രധാനമായൊരു സ്ഥാപനമാണ് നിയമസഭകൾ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ശങ്കരനാരായണൻ തമ്പി മുതൽ അങ്ങയിൽ എത്തിനിൽക്കുന്ന സ്പീക്കർ പദവി പരമ്പരകളെ.... ഈ അടുത്ത കാലത്ത് സഭയുടെ നാഥനായി പ്രവർത്തിച്ച ബഹുമാനപ്പെട്ട എം. ബി. രാജേഷ് മന്ത്രിപദത്തിലേയ്ക്ക് എത്തിയതിനെ തുടർന്നാണ് അങ്ങ് ഈ പദവിയിലെത്തുന്നത്. ശ്രീ. എം. ബി. രാജേഷിന്റെ പ്രവർത്തനങ്ങളെ കുറിച്ച് സഭയിലെ എല്ലാ തലങ്ങളിലും അഭിനന്ദനത്തിന്റെ വാക്കുകൾ ഉയർന്നുനിൽക്കുകയാണ്. സഭയെ നിയന്ത്രിക്കാൻ അദ്ദേഹം കാണിച്ച കഴിവുകളും പരിചയസമ്പത്തും വളരെ ശ്രദ്ധേയമാണ്. അതിന് മുമ്പുണ്ടായിരുന്ന ശ്രീ. പി. ശ്രീരാമകൃഷ്ണൻ, ഇവരെല്ലാം യുവത്വത്തിന്റെ

പ്രതീകങ്ങളാണ്. ആ യുവത്വത്തിന്റെ പരമ്പരയിലെ സമുജ്ജ്വലമായ യുവത്വത്തിന്റെ പ്രതീകമായി പ്രവർത്തിക്കുന്ന അങ്ങേയ്ക്ക് യുവജന വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ കർമ്മ രംഗങ്ങളിലൂടെ ഒരുപാട് അനുഭവങ്ങളും വിജ്ഞാനപ്രദമായ ഒരുപാട് നേട്ടങ്ങളും ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പരമ്പരയിലെ ഭാഗമായിത്തന്നെ ഈ സഭയുടെ നിയമസഭാ സ്പീക്കറെന്ന നിലയ്ക്ക് അങ്ങേയ്ക്ക് തീർച്ചയായും വളരെ നന്നായി പ്രവർത്തിക്കാൻ കഴിയുമെന്ന കാര്യത്തിൽ ആർക്കും സംശയമില്ല. ഇന്നത്തെ ദേശീയ സാഹചര്യത്തിൽ നിയമസഭകളുടെയും ഇന്ത്യൻ പാർലമെന്റിന്റെയും പ്രവർത്തനങ്ങൾ നിയന്ത്രിക്കപ്പെടുകയും ഭരണഘടനാമൂല്യങ്ങൾ ലംഘിക്കപ്പെടുകയും ചെയ്യുന്ന വർത്തമാന കാലത്ത് രാഷ്ട്രീയ പ്രബുദ്ധമായ കേരളത്തിന് സുപ്രധാനമായ പങ്ക് വഹിക്കാൻ കഴിയും. അതിന് ഒരുപാട് പരാമ്പരാഗതമായ നടപടികൾ സ്വീകരിച്ച് ഈ വർത്തമാന കാലത്തും ഒരു ദേശീയ ബദൽ സംവിധാനത്തിന്റെ പ്രതീകമായി പ്രവർത്തിക്കാൻ കഴിയുന്ന കേരളത്തിനും ആ കേരളത്തെ പ്രതിനിധാനം ചെയ്യുന്ന ഈ നിയമസഭയ്ക്കും അങ്ങയുടെ അദ്ധ്യക്ഷപദവി തീർച്ചയായും ഒരു മുതൽക്കൂട്ടായി തീരുമെന്ന് പ്രതീക്ഷിക്കുകയാണ്. കണ്ണൂർ ജില്ലയിൽനിന്ന് വിവിധ പദവികളിലേയ്ക്ക്

വ്യക്തികൾ എത്തിയിട്ടുണ്ടെങ്കിലും ആദ്യമായിട്ടാണ് നിയമസഭാ സ്പീക്കർ പദവിയിലേയ്ക്ക് എത്തുന്നത്. അങ്ങയുടെ പ്രവർത്തനങ്ങൾക്ക് ഒരിക്കൽക്കൂടി വിജയം നേരുന്നു. അങ്ങേയ്ക്ക് എല്ലാവിധ നന്മകളും നേർന്നുകൊണ്ട് ഞാനെന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. തോമസ് കെ. തോമസ്: സർ, പതിനഞ്ചാം കേരള നിയമസഭയുടെ ഇരുപത്തിനാലാമത് സ്പീക്കറായി അങ്ങ് തെരഞ്ഞെടുക്കപ്പെട്ടതിൽ ഏറ്റവുമധികം സന്തോഷത്തോടും ചാരിതാർത്ഥ്യത്തോടുംകൂടിയുമാണ് ഞാൻ നിൽക്കുന്നത്. മുൻ സ്പീക്കർ ശ്രീ. എം. ബി. രാജേഷ് ഇതിനുമുൻപ് അധികാരമേറ്റപ്പോൾ ഞാൻ അദ്ദേഹത്തെ അനുമോദിച്ച് നടത്തിയ പ്രസംഗം ഏറ്റവുമധികം വൈറലായി. അന്നത്തെ കാലത്ത് അനേകം രാജ്യങ്ങളിൽ നിന്നും ആൾക്കാർ എന്നെ ഫോൺ വിളിക്കാൻ ഇടയായിത്തീർന്നു. ഇന്നിവിടെ പ്രസംഗിച്ച ആദരണീയനായ മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും, പ്രിയങ്കരനായ ശ്രീ. എം. ബി. രാജേഷിനെ അനുമോദിച്ചുകൊണ്ട് സംസാരിച്ചപ്പോൾ, എനിക്ക് ഏറ്റവുമധികം അഭിമാനവും സന്തോഷവും തോന്നിയത് ഈ സഭയുടെ ചരിത്രത്തിൽ ആദ്യമായി ദൈവനാമത്തിൽ ഒരാളെ അനുഗ്രഹിച്ചുകൊണ്ട് സംസാരിച്ച ഏകവ്യക്തി ഞാനായതുകൊണ്ട്

മാത്രമാണ്. ഇന്ന് അങ്ങയെക്കുറിച്ച് എനിക്ക് അഭിമാനപൂർവ്വം പറയാൻ സാധിക്കുന്നത്, എന്റെകൂടെ അങ്ങ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയിൽ ഉള്ള ഒരാളാണ്. അങ്ങയുടെ ഓരോ സംസാരവും ഓരോ ഇടപെടലുകളും..., കമ്മിറ്റിയുടെ ചെയർമാൻ ഇവിടെ ഇരിക്കുന്നുണ്ട്. ഒരു വെറും വാക്കുപോലും പറയാത്തൊരു വ്യക്തി, അങ്ങാണെന്നുള്ള കാര്യത്തിൽ എനിക്കൊരു സംശയവുമില്ല. നിയമസഭയിൽ ഞാൻ അങ്ങയുടെ സംസാരം ശ്രദ്ധിച്ചിട്ടുണ്ട്, അങ്ങ് പല കാര്യത്തിനും പലരോടും സംസാരിക്കുമെങ്കിലും അങ്ങേയ്ക്ക് കിട്ടുന്ന അവസരം കാര്യങ്ങൾ പറയാൻമാത്രം ഉപയോഗിക്കുന്ന ഒരു പ്രത്യേകത ഞാൻ അങ്ങയിൽ കണ്ടിട്ടുണ്ട്. തീർച്ചയായും അങ്ങിരിക്കുന്ന ഈ സ്ഥാനത്തും ഒരു നിമിഷംപോലും അങ്ങ് വെറുതെ കളയില്ലെന്നൊരു പൂർണ്ണവിശ്വാസം എന്റെ ജീവിതത്തിലുണ്ട്. തീർച്ചയായും അങ്ങ് അത് പ്രാവർത്തികമാക്കുമെന്ന് ഞാൻ ഉത്തമമായി വിശ്വസിക്കുന്നു. എസ്.എഫ്.ഐ.-യിലൂടെയും, ഡി.വൈ.എഫ്.ഐ.-യിലൂടെയും കടന്നുവന്ന വ്യക്തിത്വമാണ്, അതിലുപരി ഒരുപാട് പ്രത്യേകതകൾ അങ്ങേയ്ക്കുണ്ട്. എനിക്കുതോന്നുന്നത് ശ്രീ. എൻ.എ. നെല്ലിക്കുന്നിനൊന്നും ഇനി അങ്ങയെ കളിയാക്കാനാവില്ല, അവർ ഒരുപാട് കളിയാക്കിയിട്ടുള്ളതാണ്. ഒരു വലിയ

പ്രത്യേകത..., ഞാൻ അത് പറയാനുള്ള കാര്യം, ഞാൻ പലസന്ദർഭങ്ങളിലും കേട്ടിട്ടുള്ളതുകൊണ്ടാണ് ആ പേര് എടുത്തുപറഞ്ഞത്. തീർച്ചയായിട്ടും, ഒരുപാട് പ്രത്യേകതകളുള്ള അങ്ങേയ്ക്ക് എന്റേതായ ഭാഷയിൽ സ്വർഗ്ഗത്തിലെ ദൈവം എല്ലാവിധ അനുഗ്രഹവും ഒരു പ്രത്യേക കൃപയും കരുണയും നൽകട്ടെ. മറ്റെല്ലാപേർക്കുമുണ്ടാകുന്ന, അതിലുപരിയായി സ്പീക്കർ എന്ന നിലയിൽ തിളങ്ങുവാൻ തക്കവണ്ണം അങ്ങേയ്ക്ക് സാധിക്കട്ടേയെന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ചുകൊണ്ടും അങ്ങയെ അനുഗ്രഹിച്ചുകൊണ്ടും ഞാൻ നിർത്തുന്നു. നന്ദി, നമസ്കാരം, ദൈവം അങ്ങയെ അനുഗ്രഹിക്കട്ടെ.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഈ സഭയുടെ നാഥനായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ സ്നേഹപൂർവം, ഹൃദയപൂർവം അഭിനന്ദിക്കുകയാണ്. എന്നെ സംബന്ധിച്ച് എന്റെയൊരു കുടുംബാംഗത്തിന് വലിയൊരു അവസരം ലഭിച്ചുവെന്ന സന്തോഷമാണ് മനസ്സിൽ. ഇവിടെ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബ് പറഞ്ഞതുപോലെ എല്ലാപേരോടും നല്ല വ്യക്തിബന്ധം പുലർത്താൻ കഴിയുന്നൊരു വ്യക്തിയെന്ന നിലയിൽ ശ്രീ. എ. എൻ. ഷംസീർ എന്ന വ്യക്തിയെ ആര് പരിചയപ്പെട്ടാലും പരിചയപ്പെട്ടുമാറുമ്പോൾ ഇദ്ദേഹം എന്റെ സുഹൃത്താണോ, എന്റെ

സഹോദരനാണോ എന്നുതോന്നുന്ന തരത്തിലുള്ള ഒരു നല്ല ബന്ധം സ്ഥാപിക്കാൻ അങ്ങേയ്ക്ക് കഴിയുന്നുണ്ട്. കേരള രാഷ്ട്രീയത്തിലെ എല്ലാ മുതിർന്ന നേതാക്കളോടും, ചെറുപ്പക്കാരോടും നല്ല ബന്ധം സ്ഥാപിക്കാൻ അങ്ങേയ്ക്ക് കഴിഞ്ഞിട്ടുണ്ട്. അതിനൊരുദാഹരണം എന്റെ പ്രിയ പിതാവ് ജീവിച്ചിരിക്കുന്ന കാലത്ത് ഞാൻപോലും അത്ഭുതപ്പെട്ടിട്ടുണ്ട്, രണ്ട് ദിവസം കൂടുമ്പോൾ ശ്രീ. എ. എൻ. ഷംസീറുമായി ഫോണിൽ സംസാരിക്കും. കൊട്ടാരക്കരവഴി പോയാൽ അവിടെക്കയറി കാണും. ഇവർ ഒരുമിച്ച് ഭക്ഷണം കഴിക്കും, കുറേ സമയം ചെലവഴിക്കും. രാഷ്ട്രീയമൊക്കെ ചർച്ച ചെയ്യാറുണ്ട്. ആ ബന്ധങ്ങൾ... വ്യക്തികളുമായുള്ള ബന്ധം രാഷ്ട്രീയത്തിനതീതമായി വച്ചുപുലർത്തുന്ന ബന്ധങ്ങൾ അങ്ങയുടെ ഒരു പ്രത്യേകതയായി ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. പലപ്പോഴും ഈ സഭയിൽ അങ്ങ് പ്രസംഗങ്ങളിലും പ്രവർത്തനങ്ങളിലും ആഞ്ഞടിക്കുമ്പോൾ, അങ്ങ് ഈ പദവിയിലേക്ക് വരുമ്പോൾ വിമർശകരെ സംബന്ധിച്ച് അവർ ചിന്തിക്കുന്നത് സഭയിൽ ഇത്രയുമൊക്കെ പറയുന്നൊരാൾ സഭാനാഥനായാൽ എങ്ങനെയിരിക്കുമെന്നുള്ളതാണ്. അവരുടെ സംശയം ദൂരീകരിക്കാൻവേണ്ടി, ശ്രീ. മാത്യു ടി. തോമസ് പറഞ്ഞതുപോലെ എവിടെ നിൽക്കുന്നുവോ

അവിടെ ഉറച്ചുനിന്നുകൊണ്ട് തന്റെ അഭിപ്രായങ്ങൾ പറയുന്നൊരു വ്യക്തിയെന്ന നിലയിൽ അങ്ങയുടെ ആത്മാർത്ഥത... താൻ വിശ്വസിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിനുവേണ്ടി, ആ മുന്നണിക്കുവേണ്ടി സഭയിൽ ഏതറ്റംവരേയും, എവിടെയും പോരാടാൻ സഭയ്ക്കകത്തും പുറത്തും ശ്രമിക്കുന്നൊരു വ്യക്തിയെന്ന നിലയിൽ താങ്കളുടെ ആത്മാർത്ഥത, സഭയുടെ നാഥനെന്ന നിലയിലും പ്രകടിപ്പിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. കേരളത്തിൽ ഈ പറഞ്ഞ കാര്യത്തിൽ സംശയത്തോടെ കാണുന്ന ഒരു കാഴ്ചയുണ്ട്. വളരെ ചെറുപ്പക്കാരനും ഊർജ്ജസ്വലനുമായ ഈ ചെറുപ്പക്കാരൻ, നിയമസഭാ സ്പീക്കറുടെ കസേരയിൽ കേരള രാഷ്ട്രീയത്തിലെ ഏറ്റവും പ്രമുഖരായ വ്യക്തികൾ ഇരുന്ന ഈ ചെയറിൽ ഇരിക്കുമ്പോൾ എങ്ങനെയാകുമെന്ന ആശങ്കയാണ് ചില ആളുകൾക്കും വിമർശകർക്കുമുള്ളത്. അത് ഒരിക്കലും ശരിയല്ല. തന്റെ പ്രവർത്തനങ്ങളിൽ കാണിക്കുന്ന ആത്മാർത്ഥത തീർച്ചയായും അങ്ങ് ഈ സഭാനാഥന്റെ ചെയറിലും കാണിക്കുമെന്നതിൽ ഞങ്ങൾക്ക് ഒരു സംശയവുമില്ല. പ്രതിപക്ഷത്തിന്റെയും ഭരണപക്ഷത്തിന്റെയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനൊപ്പം ഓരോ ജനപ്രതിനിധിയുടെയും അവകാശങ്ങൾ

സംരക്ഷിക്കുന്നതിൽ അങ്ങ് മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വളരെ നല്ലൊരു സ്പീക്കറായി, ഒരു മികച്ച സ്പീക്കറായി അങ്ങ് മാറുമെന്നതിൽ സംശയമില്ല. ഇന്ത്യൻ നിയമസഭകളുടെ ചരിത്രത്തിലെ ഏറ്റവും പ്രമുഖമായ നിയമങ്ങൾ പാസ്സാക്കുകയും എന്നും ശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്ത ഒരു നിയമസഭയാണ് കേരള നിയമസഭ. അതിന്റെ നാഥനായി അങ്ങയെപ്പോലൊരു യുവാവിനെ..., സി. എച്ച്. അടക്കമുള്ള വ്യക്തിത്വങ്ങൾ വളരെ ചെറുപ്പത്തിൽ ഇരുന്നൊരു ചെയറാണിതെന്ന് ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെ പറയുകയുണ്ടായി. അത്തരത്തിലൊരു സ്ഥാനത്ത് അങ്ങേയ്ക്ക് ചെറിയ പ്രായത്തിൽ വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെയും, യുവജന രാഷ്ട്രീയത്തിലൂടെയും ശക്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കെത്തന്നെ എത്തിച്ചേരാൻ ഒരു ഭാഗ്യം ലഭിച്ചിരിക്കുന്നു. ആ ഭാഗ്യം ഈ സഭയുടെ ഭാഗ്യമാകട്ടെ, കേരളത്തിന്റെ അഭിമാനമാകട്ടെയെന്ന് ഞാൻ ആശംസിക്കുന്നു. അങ്ങ് എന്റെയൊരു സുഹൃത്താണോ, സഹോദരനാണോയെന്ന് ചോദിച്ചാൽ എല്ലാമാണ്. തീർച്ചയായും അങ്ങേയ്ക്ക് കേരളത്തിന്റെ മികച്ച സ്പീക്കറാകാൻ കഴിയുമെന്നതിൽ എനിക്ക് സംശയമില്ല, അത് കാലം തെളിയിക്കുമെന്ന്

മാത്രം പറഞ്ഞുകൊണ്ട് എല്ലാ ആശംസകളും അഭിനന്ദനങ്ങളും അർപ്പിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, കേരള നിയസഭയുടെ ഇരുപത്തിനാലാമത് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ പ്രഥമമായി അഭിവാദ്യം ചെയ്യുകയാണ്. യുവജന വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ രാജ്യത്തെ എല്ലാ പ്രതിബന്ധങ്ങളെയും തട്ടിമാറ്റി മുന്നോട്ട് പോകുന്നതിൽ വലിയ വിജയംവരിക്കാൻ സാധിച്ച വ്യക്തിത്വത്തിന്റെ ഉടമയാണ് അങ്ങെന്ന കാര്യത്തിൽ സംശയമില്ല. എല്ലാ പ്രതിസന്ധിഘട്ടങ്ങളെയും തരണംചെയ്തു മുന്നോട്ട് പോകാൻ കഴിഞ്ഞൊരു വ്യക്തിയെന്ന നിലയ്ക്ക് തന്നെ ഈ സഭയുടെ അന്തസ്സുയർത്തിപ്പിടിക്കുന്നതിൽ വലിയ സംഭാവന നൽകാൻ കഴിയുമെന്ന കാര്യത്തിലും സംശയമില്ല. ഒരു നല്ല സാമാജികനെന്ന നിലയ്ക്ക് മുഴുവൻ സമയവും സഭാനടപടികൾ ശ്രദ്ധിച്ച് ആവശ്യമായ രീതിയിൽ സംസാരിച്ചിട്ടുള്ള അങ്ങയുടെ സ്പീക്കർ പദവിയിലേക്കുള്ള ഈ ഉയർച്ച സഭയ്ക്ക് അഭിമാനമുണ്ടാക്കുന്ന നിമിഷമാണിത്. യുവത്വത്തിന്റെ പ്രതീകമായ അങ്ങ്, സ്പീക്കർ എന്നനിലയ്ക്കും വലിയ സംഭാവനകൾ നൽകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആ സ്ഥാനത്തിരുന്ന പൂർവ്വീകരായ ആളുകൾ

കാണിച്ചുതന്ന മഹത്തായ മാതൃകകൾ നമ്മുടെ മുൻപിലുണ്ട്. അതൊക്കെത്തന്നെയും പരിപൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ട്, ഒരു നല്ല നിയമസഭാ സ്പീക്കറായി മാറാൻ അങ്ങേയ്ക്ക് സാധിക്കട്ടേയെന്ന് ആശംസിക്കുകയാണ്. കഴിഞ്ഞ സഭാകാലത്ത് മുൻസ്പീക്കർ ശ്രീ. എം. ബി. രാജേഷ്, എല്ലാപേർക്കും തൃപ്തികരമാകുന്ന രീതിയിൽ നിലപാടുകൾ സ്വീകരിച്ചുകൊണ്ട് സഭയുടെ നിഷ്പക്ഷതയെ ഉയർത്തിപ്പിടിച്ച് മുന്നോട്ട് പോയ കാര്യം ഞാൻ ഓർമ്മിപ്പിക്കുകയാണ്. തികച്ചും നിഷ്പക്ഷനായൊരു സ്പീക്കറായി ഈ സഭയുടെ അഭിമാനം ഉയർത്തിപ്പിടിക്കാൻ അങ്ങേയ്ക്ക് സാധിക്കുമാറാകട്ടേയെന്ന് ആശംസിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): സർ, സ്പീക്കർ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് എല്ലാവിധ ആശംസകളും ആത്മാർത്ഥമായി നേരുകയാണ്. ജനങ്ങൾക്കും നാടിനും വേണ്ടിയുള്ള നിയമ നിർമ്മാണങ്ങളിൽ പങ്കാളികളാകുകയും ജനാഭിലാഷം പ്രതിഫലിപ്പിക്കുകയും ചെയ്യുകയെന്നതാണ് നിയമസഭാംഗങ്ങളുടെ കടമ. ഈ കടമ കാര്യക്ഷമമായി നിർവ്വഹിക്കാനുള്ള അന്തരീക്ഷം സഭയിൽ നിലനിർത്തുകയെന്ന ഉത്തരവാദിത്വം നിലനിർത്താൻ നിയമസഭാ

സ്പീക്കറായി ചുമതലയേറ്റ അങ്ങേയ്ക്ക് കഴിയുമെന്ന് ഞങ്ങൾ ഉറച്ചുവിശ്വസിക്കുന്നു. വിവിധ തലങ്ങളിൽ പ്രവർത്തിച്ച പരിചയവും അനുഭവ സമ്പത്തുമുള്ള വ്യക്തിയെന്ന നിലയിൽ നീതിപൂർവ്വമായി കാര്യങ്ങൾ വിലയിരുത്തി സഭാനടപടികൾ നിർവ്വഹിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർക്ക് കഴിയട്ടേയെന്ന് ആത്മാർത്ഥമായി ആശംസിക്കുന്നു.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, കേരള നിയസഭയുടെ ഇരുപത്തിനാലാമത് സഭാനാഥനായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് ഒരായിരം ആശംസകൾ അറിയിക്കുകയാണ്. ഊർജ്ജസ്വലനായ ഒരു സാമാജികൻ എന്ന നിലയിൽ ഈ സഭയിൽ തിളങ്ങി നിൽക്കുകയും ആ സമയത്തൊക്കെത്തന്നെ ബഹുമാനപ്പെട്ട മുൻ സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ പ്രവർത്തനങ്ങൾ കണ്ടറിയുകയും ചെയ്ത് മുന്നോട്ട് പോകുന്ന അങ്ങേയ്ക്ക് സഭാനാഥനെന്ന നിലയിൽ തിളങ്ങിനിൽക്കുവാൻ സാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്റെ നാട്ടുകാരനായ, തലശ്ശേരിക്കാരനായ അങ്ങേയ്ക്ക് കഴിഞ്ഞ കാലങ്ങളിലെ ഒരുപാട് അനുഭവങ്ങളുണ്ട്. ആ അനുഭവങ്ങളൊക്കെ ഇന്ന് നിയമസഭയിൽ സഭാനാഥനെന്ന നിലയിൽ ഇവിടെ പ്രകടിപ്പിക്കുമ്പോൾ അത് നല്ല

പക്വതയുള്ള പ്രവർത്തനമായിരിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. അങ്ങനെ പക്വതയോടുകൂടി എല്ലാ അംഗങ്ങളെയും, പ്രതിപക്ഷമായാലും ഭരണപക്ഷമായാലും അവരുടെ ആവശ്യങ്ങൾ നിറവേറ്റികൊടുക്കാൻ അങ്ങേയ്ക്ക് സാധിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അക്ഷരാർത്ഥത്തിൽ ഇവിടെ തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് എല്ലാവിധ ആശംസകളും അറിയിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. മാണി സി. കാപ്പൻ: സർ, 15-ാം കേരള നിയമസഭയുടെ 24-ാമത് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. മുൻ സ്പീക്കറായിരുന്ന ശ്രീ. എം. ബി. രാജേഷ് (ഇപ്പോഴത്തെ തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി) ഈ സഭയെ നല്ലരീതിയിൽ നയിച്ചിരുന്നു. ഭരണപക്ഷത്തെ ശക്തനായ പോരാളിയായിരുന്നുവെങ്കിലും പ്രതിപക്ഷത്തുള്ള എല്ലാവരുമായും അങ്ങ് വ്യക്തിബന്ധം പുലർത്തിയിരുന്നു. അതുകൊണ്ടുതന്നെ ഈ സഭയെ നല്ലരീതിയിൽ നയിക്കാൻ അങ്ങേയ്ക്ക് കഴിയുമെന്ന് എനിക്ക് വിശ്വാസമുണ്ട്. അങ്ങേയ്ക്ക് അതിന് കഴിയട്ടെ എന്നുമാത്രം ആശംസിച്ചുകൊണ്ട് നിർത്തുന്നു.

ശ്രീമതി കെ. കെ. രമ: സർ, കേരള നിയമസഭയുടെ 24-ാമത്

സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ വടകരയുടെ ജനപ്രതിനിധി എന്ന നിലയിലും ആർ.എം.പി.-യുടെ പ്രതിനിധിയെന്ന നിലയിലും ഞാൻ അഭിനന്ദിക്കുന്നു. ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമസഭയുടെ അന്തസ്സും അഭിമാനവും ഉയർത്തിപ്പിടിക്കുന്ന തരത്തിൽ സഭാനടപടികൾക്ക് നേതൃത്വം നൽകാൻ അങ്ങേയ്ക്ക് കഴിയട്ടേയെന്ന് ആശംസിക്കുന്നു, എന്റെ സ്നേഹാഭിവാദ്യങ്ങൾ.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u>: സർ, 15-ാം കേരള നിയമസഭയുടെ 2-ാമത്തെ സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങേയ്ക്ക് എല്ലാവിധ അനുമോദനങ്ങളും അഭിവാദ്യങ്ങളും നേരുന്നു. ഒരു പുതിയ പദവിയിലേയ്ക്കാണ് അങ്ങ് എത്തിയിരിക്കുന്നത്. ചരിത്രത്തിന്റെ താളുകളിൽ തങ്കലിപികളാൽ അങ്ങയുടെ പേരും വരികയാണ്. നിരവധി സ്പീക്കർമാർ ഈ സഭയെ നയിച്ചിട്ടുണ്ട്. 11-ാം കേരള നിയമസഭയിൽ ആദ്യമായി ഞാൻ കടന്നുവന്നപ്പോൾ അന്നത്തെ സ്പീക്കറായിരുന്ന ശ്രീ. വക്കം പുരുഷോത്തമന്റെ റൂളിംഗും ഇടപെടലും കാരണം സഭാ സമ്മേളനങ്ങളിൽ സമയക്ലിപ്തതയുണ്ടായിരുന്നു, 2 മണിയോടുകൂടി സഭ പിരിയുമായിരുന്നു. സർവ്വശ്രീ. കെ. രാധാകൃഷ്ണൻ, വക്കം പുരുഷോത്തമൻ, തേറമ്പിൽ

രാമകൃഷ്ണൻ, ജി. കാർത്തികേയൻ, എൻ. ശക്തൻ, പി. ശ്രീരാമകൃഷ്ണൻ, എം. ബി. രാജേഷ് എന്നിങ്ങനെ നിരവധി പ്രഗത്ഭരായ സ്പീക്കർമാരുടെ പ്രവർത്തനങ്ങൾ സാമാജികനെന്ന നിലയിൽ കാണാൻ അവസരമുണ്ടായിട്ടുണ്ട്. ശ്രീ. എം. ബി. രാജേഷ് 15-ാം കേരള നിയമസഭയിൽ നടത്തിയ പ്രവർത്തനം ശ്ലാഘനീയമാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലെയും വനിതാ എം.എൽ.എ.-മാരെയും പാർലമെന്റ് അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് സംഘടിപ്പിച്ച രണ്ടുദിവസം നീണ്ടുനിന്ന വനിതാ പാർലമെന്റ് കേരളത്തിന്റെ അഭിമാനകരമായ നേട്ടങ്ങളിലൊന്നാണ്. അതുപോലെതന്നെ പുതിയ പരിഷ്കാരങ്ങൾ കൊണ്ടുവരാൻ അങ്ങും തയ്യാറാകണം. 14-ാം കേരള നിയമസഭയിലും 15-ാം കേരള നിയമസഭയിലും അംഗമായ അങ്ങയെ ഈ സഭയെ വളരെ സജീവമായി നിലനിർത്തിയ ഒരു നല്ല സാമാജികനെന്ന നിലയിലാണ് ഞങ്ങൾ നോക്കിക്കാണുന്നത്. എന്റെ ഏറ്റവും അടുത്ത സുഹൃത്തുക്കളിൽ പ്രധാനിയായ ഒരു സുഹൃത്ത് ഒരു പദവിയിൽ എത്തുന്നതിൽ, ശ്രീ. കെ. ബി. ഗണേഷ് കുമാർ പറഞ്ഞതുപോലെ എനിക്കും വളരെയധികം സന്തോഷമുണ്ട്. എം.എൽ.എ. ഹോസ്റ്റലിലെ അങ്ങയുടെ മുറി വൃത്തിയാക്കിക്കുന്ന കാര്യത്തിനും

മറ്റുസൗകര്യങ്ങളുടെ കാര്യങ്ങൾ സംസാരിക്കുന്നതിനുമായി ഞാൻ ഹൗസ് കമ്മിറ്റിയുടെ ചെയർമാനായിരുന്നപ്പോൾ പലപ്പോഴും അങ്ങ് എന്നെ വിളിക്കാറുണ്ടായിരുന്നു. അതെല്ലാം വളരെ സമയബന്ധിതമായി അങ്ങേയ്ക്ക് ചെയ്തുതരാൻ കഴിഞ്ഞിരുന്നുവെന്ന സന്തോഷംകൂടി ഞാൻ അറിയിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ ഒരു മികച്ച സംഘാടകനായ അങ്ങ് വിദ്യാർത്ഥി യുവജന പ്രസ്ഥാനത്തെ കേരളത്തിൽ നയിക്കുന്നതിനുവേണ്ടി നടത്തിയിട്ടുള്ള പ്രോജ്ജ്വലമായ പോരാട്ടങ്ങൾ ഈ അവസരത്തിൽ ഞാൻ ഓർക്കുകയാണ്. ശ്രീ. എം. വിജയകുമാർ, ശ്രീ. വി. എൻ. സുധീരൻ എന്നിവരുൾപ്പെടെയുള്ള മുൻ സ്പീക്കർമാർ വളരെ നല്ലരീതിയിലുള്ള പ്രവർത്തനമാണ് ഈ സഭയിൽ കാഴ്ചവച്ചിട്ടുള്ളത്. അവരുടെ പട്ടികയിലേയ്ക്ക് അങ്ങും എത്തണമെന്ന് ആശംസിച്ചുകൊണ്ടും എല്ലാവിധത്തിലുള്ള അനുമോദനങ്ങൾ അർപ്പിച്ചുകൊണ്ടും അങ്ങയുടെ പ്രവർത്തനങ്ങളിൽ സാമാജികനെന്ന നിലയിൽ എല്ലാ സഹായങ്ങളും എന്റെ ഭാഗത്തുനിന്നുമുണ്ടാകുമെന്ന് ഈയവസരത്തിൽ അറിയിച്ചുകൊണ്ടും ഞാൻ എന്റെ സംസാരം അവസാനിപ്പിക്കുകയാണ്.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, കേരള നിയമസഭയുടെ 24-ാമത് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ അതിയായ സന്തോഷത്തോടെ അഭിനന്ദിക്കട്ടെ. വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ കാലം മുതൽ നീണ്ട രണ്ടു പതിറ്റാണ്ടിലേറെക്കാലം അങ്ങയോടൊപ്പം പ്രവർത്തിച്ചതിന്റെ അനുഭവങ്ങളും ഓർമ്മകളും എനിക്കുണ്ട്. ഈ ചുമതല വളരെ ഭംഗിയായി ചുമതലാബോധത്തോടുകൂടിത്തന്നെ അങ്ങേയ്ക്ക് നിർവ്വഹിക്കാനാകുമെന്ന് ആ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ എനിക്ക് നിസ്സംശയം പറയാനാകും. കാരണം, അങ്ങയുടെ സവിശേഷതയെന്നത്, ഏറ്റെടുക്കുന്ന ചുമതല ഏതായാലും അങ്ങേയറ്റത്തെ പ്രതിബദ്ധതയോടെയും ആത്മാർത്ഥതയോടെയും പരമാവധി നീതിപുലർത്തിയും ആ ചുമതല നിറവേറ്റുകയെന്നതാണ്. അത് അങ്ങയുടെ പ്രവർത്തനത്തിന്റെ സവിശേഷതയും പ്രവർത്തനശൈലിയുടെ പ്രത്യേകതയുമാണ്. ഈ ചുമതല ഭംഗിയായി നിറവേറ്റാനാവശ്യമായ രാഷ്ട്രീയമായ വിവേകവും പൊതുപ്രവർത്തകനും സാമാജികനുമെന്ന നിലകളിലുള്ള അനുഭവവും സർവ്വോപരി പ്രത്യുൽപന്നമതിത്വവും അങ്ങേയ്ക്കുണ്ട്. അതുകൊണ്ടുതന്നെ

അങ്ങ് മികച്ച സ്പീക്കറായിരിക്കുമെന്ന കാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. ഇവിടെ ബഹുമാന്യരായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവുമൊക്കെ ഈ സഭയുടെ പാരമ്പര്യത്തെക്കുറിച്ച് പറഞ്ഞു. ഇന്ത്യയിലെതന്നെ ഏറ്റവും ഉന്നതമായ പാരമ്പര്യം പുലർത്തുന്ന നിയമനിർമ്മാണ സഭയായ കേരള നിയമസഭ, ഏറ്റവും കൂടുതൽ ദിവസം സമ്മേളിക്കുകയും ഏറ്റവും ജനാധിപത്യപരമായി പ്രവർത്തിക്കുകയും ചെയ്യുന്ന സഭകൂടിയാണ്. ഇന്ത്യൻ പാർലമെന്റിൽ കേവലം 13 ശതമാനം ബില്ലുകൾ മാത്രം സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് വിടുമ്പോൾ, മുഴുവൻ ബില്ലുകളും സബ്ജക്ട് കമ്മിറ്റികളുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുന്ന ഒരു നിയമസഭയാണ് നമ്മുടേത് എന്നതുതന്നെ എത്രമാത്രം ജനാധിപത്യപരമായി പ്രവർത്തിക്കുന്നുവെന്നതിന്റെ തെളിവാണ്. നിയമനിർമ്മാണത്തിലെ അവധാനതയോടൊപ്പം അംഗങ്ങളുടെ ജനാധിപത്യപരമായ അവകാശങ്ങളും നാം പുലർത്തിപ്പോരുന്നു. എല്ലാ ദിവസവും അടിയന്തരപ്രമേയത്തിന്റെ നോട്ടീസ് അവതരിപ്പിച്ച് സംസാരിക്കുന്ന രീതി ഇന്ത്യൻ പാർലമെന്റിൽപ്പോലുമില്ല. ഈ ഉന്നതമായ പാരമ്പര്യം അങ്ങേയ്ക്ക് ഉയർത്തിപ്പിടിക്കാൻ കഴിയുമെന്ന് എനിക്ക് ഉറപ്പുണ്ട്. പലരും

പറഞ്ഞതുപോലെ അങ്ങയുടെ പ്രധാനപ്പെട്ട ഒരു കൈമുതൽ കക്ഷിരാഷ്ട്രീയത്തിന് അതീതമായ വ്യക്തിബന്ധങ്ങളും സൗഹൃദങ്ങളുമാണ്. ആ വ്യക്തിബന്ധങ്ങളും സൗഹൃദങ്ങളും സഭാ നടത്തിപ്പിൽ അങ്ങേയ്ക്ക് മുതൽക്കൂട്ടാകും. കേരള നിയമസഭയുടെ അദ്ധ്യക്ഷൻ എന്നനിലയിൽ തിളക്കമാർന്ന ഒരു അദ്ധ്യായം എഴുതിച്ചേർക്കാൻ അങ്ങേയ്ക്ക് കഴിയട്ടേയെന്ന് ആശംസിക്കുന്നു, അങ്ങേയ്ക്ക് അഭിവാദനങ്ങൾ നേരുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, കേരള നിയമസഭയുടെ 24-ാമത് സ്പീക്കറായി തെരഞ്ഞെടുക്കപ്പെട്ട അങ്ങയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. നിയമസഭാ സ്പീക്കറെന്ന നിലയിൽ മുൻ സ്പീക്കർ ശ്രീ. എം. ബി. രാജേഷ് നൽകിയ നേതൃത്വം മറ്റെല്ലാവർക്കും മാതൃകയായെടുക്കാവുന്ന കാര്യമാണ്, അദ്ദേഹത്തെയും ഞാൻ ഈ അവസരത്തിൽ അഭിനന്ദിക്കുകയാണ്. കേരള നിയമസഭയിൽ സ്പീക്കർ സ്ഥാനത്തേയ്ക്ക് മത്സരിക്കാൻ അവസരം ലഭിച്ച് ചരിത്രത്തിന്റെ ഭാഗമാകാൻ സാധിച്ചതിൽ ഒരു പൊതുപ്രവർത്തകൻ എന്നനിലയ്ക്കും ജനപ്രതിനിധി എന്നനിലയ്ക്കും എനിക്ക് വളരെയേറെ അഭിമാനമുണ്ട്. അതിനുള്ള അവസരം നൽകിയ കോൺഗ്രസ് പാർട്ടിയോടും യു.ഡി.എഫ്.-നോടും

അതോടൊപ്പംതന്നെ എന്നെ മൂന്ന് തവണ കേരള നിയമസഭയിലേയ്ക്ക് തെരഞ്ഞെടുത്തയച്ച ആലുവയിലെ ജനങ്ങളോടും പ്രത്യേകിച്ച് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. അങ്ങയെ ഞാൻ ആദ്യമായി പരിചയപ്പെട്ട സന്ദർഭം അങ്ങ് ഓർക്കുന്നുണ്ടാകും, ആലുവ റെയിൽവേ സ്റ്റേഷനിൽവച്ച് ഒരു ദിവസം അപ്രതീക്ഷിതമായി പരിചയപ്പെടുകയായിരുന്നു. അന്നുമുതൽ ഇന്നുവരെയും ആ വ്യക്തിബന്ധം അങ്ങ് പുലർത്തിപ്പോന്നു. രാഷ്ട്രീയപരമായി വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ടാകുകയും വ്യത്യസ്തമായ ചേരികളിൽ നിൽക്കുകയും ചെയ്യുന്നവരാണെന്നതിൽ സംശയമില്ല, എങ്കിലും ഇവിടെ മറ്റുള്ളവർ സൂചിപ്പിച്ചതുപോലെ വ്യക്തിബന്ധവും സൗഹൃദവും അങ്ങും ഞാനും കാത്തുസൂക്ഷിച്ചിട്ടുണ്ട്. ഇനിയും ആ സൗഹൃദം മുമ്പോട്ടുപോകാൻതന്നെ ആഗ്രഹിക്കുന്നുമുണ്ട്. ഈ നിയമസഭയിലെ ഇരുപത്തിയേഴിനും നാൽപ്പത്തിയെട്ടിനും ഇടയിൽ പ്രായമുള്ള ചെറുപ്പക്കാരെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി, ഞാനും ആ 48 വയസ്സിനുള്ളിൽപ്പെടുന്ന ആളായതുകൊണ്ട് പറയുകയാണ്, അങ്ങ് 5-ാം ക്ലാസ്സിൽ പഠിക്കുമ്പോൾ വിദ്യാർത്ഥി രാഷ്ട്രീയത്തിൽ പ്രവർത്തനമാരംഭിച്ചതാണെന്ന് എനിക്ക് തോന്നുന്നു. അങ്ങനെ വിദ്യാർത്ഥി

രാഷ്ട്രീയത്തിൽനിന്നും പ്രവർത്തനമാരംഭിച്ച്, ഇന്ന് നിയമസഭാ സ്പീക്കർ എന്ന പദവിയിൽ അങ്ങ് ഇരിക്കുമ്പോൾ, വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെതന്നെ പ്രവർത്തനമാരംഭിച്ച ഞാനും മറ്റ് വിദ്യാർത്ഥി രാഷ്ട്രീയ നേതാക്കന്മാരുമെല്ലാം വളരെ സന്തോഷത്തോടെ അങ്ങയുടെ ഈ സ്ഥാനലബ്ധിയെ നോക്കിക്കാണുകയാണ്, അക്കാര്യത്തിൽ അങ്ങയെ ഒരിക്കൽക്കൂടി അഭിനന്ദിക്കുകയാണ്. ഇന്നത്തെ മാതൃഭൂമി ദിനപത്രത്തിൽ അങ്ങയുടെ ഒരു ഇന്റർവ്യൂ അച്ചടിച്ചുവന്നത് കണ്ടിരുന്നു, സഭയിൽ ഇരുപക്ഷത്തിനും തുല്യ പരിഗണന നൽകുമെന്ന് അതിൽ അങ്ങ് പറഞ്ഞിരുന്നു. പ്രസ്തുത തീരുമാനം വളരെ സ്വാഗതാർഹമാണ്, ആ നിലപാടുകളുമായി മുമ്പോട്ടുപോകുന്നത് ഈ സഭയുടെ സുഗമമായ പ്രവർത്തനത്തിന് സ്വീകരിക്കുന്ന ഏറ്റവും അനുയോജ്യമായ നിലപാടായിരിക്കുമെന്നും ഞാൻ വിലയിരുത്തുകയാണ്. തീർച്ചയായും അത്തരത്തിൽ അങ്ങ് മുമ്പോട്ട് പോകണമെന്ന് ഞങ്ങൾ എല്ലാവരും ആഗ്രഹിക്കുന്നു. നമ്മുടെ നിയമസഭയുടെ അന്തസ്സ് ഉയർത്തിപ്പിടിച്ച് സഭയെ നല്ലരീതിയിൽ നിയന്ത്രിക്കാൻ അങ്ങേയ്ക്ക് സാധിക്കട്ടേയെന്ന് ആഗ്രഹിക്കുന്നു. ഒരിക്കൽക്കൂടി ആശംസകളും അഭിനന്ദനങ്ങളും നേരുന്നു, ജയ്ഹിന്ദ്.

<u>മി. സ്പീക്കർ:</u> സഭാ നേതാവുകൂടിയായ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ബഹുമാനപ്പെട്ട ഗവൺമെന്റ് ചീഫ് വിപ്പ്, ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, ബഹുമാനപ്പെട്ട കക്ഷിനേതാക്കളെ, ബഹുമാന്യരായ സഭാംഗങ്ങളേ,

1957 ഏപ്രിൽ 27-ാം തീയതി ആദ്യ സമ്മേളനം ചേർന്നതിനുശേഷം ആറുപതിറ്റാണ്ടുകൾ പിന്നിട്ട കേരള നിയമസഭ കാലത്തിനുമുമ്പേ സഞ്ചരിച്ച ഒരു നിയമനിർമ്മാണ സഭയായിട്ടാണ് പൊതുവെ വിലയിരുത്തപ്പെട്ടിരിക്കുന്നത്. കേരള നിയമസഭ നിലവിൽ വന്നതിനുശേഷം 3419-ാം സമ്മേളന ദിനമാണ് ഇന്ന്. മഹത്തായ അത്യപൂർവ്വങ്ങളായ ഒട്ടേറെ സംഭവ പരമ്പരകൾകൊണ്ട് സമ്പന്നമായ ഒരു ചരിത്രമുള്ള ഈ സഭയുടെ അദ്ധ്യക്ഷനായി എന്നെ തെരഞ്ഞെടുത്തതിൽ നിങ്ങളോരോരുത്തരോടും ഞാൻ നന്ദി പ്രകാശിപ്പിച്ചുകൊള്ളുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയിൽനിന്നും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിൽനിന്നും വിവിധ കക്ഷിനേതാക്കളിൽനിന്നുമുണ്ടായ അനുമോദനങ്ങൾക്കും ആശംസകൾക്കും സഹകരണ വാഗ്ദാനങ്ങൾക്കും എന്നെക്കുറിച്ച് പറഞ്ഞ നല്ല വാക്കുകൾക്കും ഞാൻ നന്ദി പറയുന്നു.

കേരള നിയമസഭയിലെ പ്രഗത്ഭരായ മുൻ സ്പീക്കർമാരെ ഞാൻ ഈ അവസരത്തിൽ പ്രത്യേകം ഓർക്കുകയും ആ ബഹുമാന്യർ സൃഷ്ടിച്ച ഉത്തമമായ മാതൃകകളെ കൃതജ്ഞതയോടെ സ്മരിക്കുകയും ചെയ്യുന്നു. എന്റെ മുൻഗാമികളായ രണ്ടുപേരുടെ ഈ സഭയിലെ സാന്നിദ്ധ്യം എന്റെ കൃത്യനിർവ്വഹണത്തിൽ എനിക്ക് ആത്മധൈര്യവും പ്രചോദനവും നൽകുമെന്ന് എനിക്കുറപ്പുണ്ട്. ഞാൻ ജനിക്കുന്നതിന് മുമ്പുതന്നെ കേരള നിയമസഭയിൽ അംഗമാവുകയും ഇപ്പോഴും ഈ സഭയിൽ അംഗമായി തുടരുകയും ചെയ്യുന്ന ബഹുമാന്യ വ്യക്തിത്വങ്ങളായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ, മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, മുൻമന്ത്രി ശ്രീ. പി. ജെ. ജോസഫ് എന്നിവരുടെ സാമീപ്യം എന്നെ ഏറെ വിനീതനാക്കുന്നു. അതുപോലെ പൊതുരംഗത്തും ഭരണ രംഗത്തും ഏറെ പരിചയസമ്പന്നരായ മന്ത്രിമാരും മുൻമന്ത്രിമാരും പ്രതിപക്ഷനേതാക്കളും വിവിധ കക്ഷിനേതാക്കളും ഈ സഭയിൽ അംഗങ്ങളായിരിക്കുന്നുവെന്നത് എനിക്ക് കൂടുതൽ മനോധൈര്യവും ആത്മവിശ്വാസവും പകരുന്നു.

രാജ്യത്തെ നിയമനിർമ്മാണ സഭകൾക്ക് പൂർണ്ണമായും പാർലമെന്ററി ജനാധിപത്യ ഭരണ സംവിധാനം വിഭാവനം ചെയ്യുന്ന രീതിയിൽ

പ്രവർത്തിക്കുവാൻ കഴിയുന്നില്ലെന്നൊരു ആക്ഷേപം പരക്കെ നിലനിൽക്കുന്ന ഒരു കാലമാണിത്. വ്യത്യസ്തങ്ങളായ കാരണങ്ങളാൽ പല സംസ്ഥാന നിയമസഭകളുടേയും പ്രവർത്തനം ശരാശരിക്കും താഴെയായിത്തന്നെ തുടർന്നുവരുന്നു. സംസ്ഥാന നിയമസഭകളുടെയും സംസ്ഥാന സർക്കാരുകളുടെയും ഭരണഘടനാപരമായ പ്രവർത്തനങ്ങൾപോലും നിരവധി വെല്ലുവിളികൾ നേരിട്ടുകൊണ്ടിരിക്കുന്ന ഈ സന്ദിഗ്ദ്ധ കാലത്തുപോലും ജനഹിതമറിഞ്ഞ് പ്രവർത്തിക്കുന്ന സർക്കാരും അതിനോട് ക്രിയാത്മകമായി പ്രതികരിക്കുന്ന ഒരു പ്രതിപക്ഷവും കേരള നിയമസഭയുടെ മാത്രം പ്രത്യേകതയാണ്. അത് കേരളത്തിന്റെ മറ്റൊരു മോഡലാണ്.

നിയമസഭയുടെ ചട്ടങ്ങളിലും പ്രവർത്തനരീതിയിലും സമഗ്രമായ പരിഷ്കരണങ്ങൾ വരുത്തുന്നതുസംബന്ധിച്ചുള്ള കാര്യങ്ങൾ പഠിച്ച് ശിപാർശ നൽകാനായി നിലവിൽ രൂപീകരിച്ചിട്ടുള്ള സമിതിയുടെ പ്രവർത്തനങ്ങൾ അതിന്റെ അവസാനഘട്ടത്തിലാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെകൂടി അടിസ്ഥാനത്തിൽ സഭാ പ്രവർത്തനങ്ങളും വിവിധ സമിതികളുടെ പ്രവർത്തനങ്ങളും കൂടുതൽ സജീവമാക്കാനുള്ള തീരുമാനം നമുക്കൊരുമിച്ച്

കൈക്കൊള്ളാവുന്നതാണെന്ന് ഞാൻ ഈ ഘട്ടത്തിൽ ഓർമ്മപ്പെടുത്തുന്നു.

"നിയമസഭാ പരിസരം" അഥവാ "Precincts of the Assembly" എന്ന പ്രയോഗത്തിന് സഭാചട്ടങ്ങളിൽ നൽകിയിട്ടുള്ള നിർവചനത്തിനുള്ളിൽ മാത്രംനിന്നു പ്രവർത്തിക്കുന്ന ഒരു സഭയായിട്ടാണ് കേരള നിയമസഭ സമീപകാലംവരെ അറിയപ്പെട്ടിരുന്നത്. എന്നാൽ വൈവിദ്ധ്യമാർന്നതും സമൂഹത്തിലെ വ്യത്യസ്ത തലങ്ങളിൽ ഉള്ളവരേയും വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവരേയും ഉദ്ദേശിച്ചുകൊണ്ടുള്ള ശ്രദ്ധേയമായ പരിപാടികൾ കഴിഞ്ഞ ഒരു വ്യാഴവട്ടകാലയളവിനുള്ളിൽ നമ്മുടെ സഭയ്ക്ക് സംഘടിപ്പിക്കാൻ കഴിഞ്ഞു. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട ജനപ്രതിനിധികളുടേയും വനിതാ ജനപ്രതിനിധികളുടേയും അഖിലേന്ത്യാ കോൺഫറൻസുകൾ, വിദ്യാർത്ഥി പാർലമെന്റുകൾ, ഭരണഘടനാ ക്ലാസ്സുകൾ, ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റേയും അനുഭവങ്ങൾ പങ്കുവയ്ക്കുന്ന പ്രഭാഷണ പരമ്പരകൾ, ജനപ്രതിനിധികളുൾപ്പെടെ വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്നവർക്കുള്ള പരിശീലന പരിപാടികൾ, സർട്ടിഫിക്കറ്റ് കോഴ്സുകൾ, സംവാദങ്ങൾ, സന്ദർശന പരിപാടികൾ, ഹരിത പ്രോട്ടോക്കോൾ, ഓഡിയോ-വീഡിയോ ചിത്ര പ്രദർശനം തുടങ്ങി നിരവധി മേഖലകളിൽ

കേരള നിയമസഭയുടെ കൈയ്യൊപ്പ് ചാർത്തുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഭാവനാസമ്പന്നമായ ഇത്തരം പരിപാടികൾ തുടർന്നും നടത്താൻ എല്ലാവരുടെയും പിന്തുണ ഞാൻ അഭ്യർത്ഥിക്കുകയാണ്.

സംസ്ഥാന നിയമസഭകളുടെ ചരിത്രത്തിലാദ്യമായി നിയമസഭയ്ക്ക് സ്വന്തമായൊരു ചാനൽ എന്ന സ്വപ്നം സാക്ഷാത്കരിച്ചതിനുപുറമെ സമ്പൂർണ്ണ കടലാസ് രഹിത നിയമസഭയെന്ന ലക്ഷ്യത്തിലേയ്ക്ക് നാം നടന്നടുത്തുകൊണ്ടിരിക്കുകയാണ്. ഇന്ത്യൻ പാർലമെന്റിനുതന്നെ മാതൃകയായ സബ്ജക്ട് കമ്മിറ്റികൾ ഉൾപ്പെടെയുള്ള നിയമസഭാ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾ ദേശീയതലത്തിൽത്തന്നെ ശ്രദ്ധ നേടിയിട്ടുണ്ടെന്നത് നമുക്ക് അഭിമാനം പകരുന്ന കാര്യമാണ്. നൂറുവർഷം പൂർത്തിയാക്കിയ നിയമസഭാ ലൈബ്രറിയുടെ ഒരു വർഷം നീണ്ടുനിൽക്കുന്ന ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായുള്ള അന്താരാഷ്ട്ര പുസ്തകമേള, കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി ഡിബേറ്റ്സിന്റെ മലയാള പരിഭാഷയുടെ പ്രസാധനം, നിയമസഭാ മ്യൂസിയത്തിന്റെ ഭാഗമായി മണ്ഡലാടിസ്ഥാനത്തിൽ സംഘടിപ്പിക്കാനുദ്ദേശിക്കുന്ന ഓഡിയോ-വീഡിയോ ചിത്ര പ്രദർശനങ്ങൾ, K-LAMPS-ന്റെ ആഭിമുഖ്യത്തിൽ നടത്താനുദ്ദേശിക്കുന്ന പ്രഭാഷണങ്ങൾ,

ഭരണഘടനാ ക്ലാസ്സുകൾ തുടങ്ങി ഇനിയും നിരവധി പരിപാടികൾ വിജയിപ്പിക്കാൻ ഈ സഭയിലെ അംഗങ്ങളുടെ സഹകരണം അനിവാര്യമാണ്.

ബഹുമാന്യരായ സഭാംഗങ്ങളേ, ഈ സഭയിലെ എന്റെ അംഗത്വത്തിന് കേവലം ആറുവർഷം മാത്രമേ പ്രായമായിട്ടുള്ളൂ. നമ്മുടെ സഭാ പ്രവർത്തനങ്ങളിൽ വന്നുചേർന്നിട്ടുള്ള ഗുണപരമായ മാറ്റങ്ങളേയും അംഗങ്ങൾ സഭാനടപടികളിൽ കാണിക്കുന്ന താൽപ്പര്യത്തേയും സംബന്ധിച്ചുകൂടി ഏതാനും വാക്കുകൾ എന്റെ ഈ ചെറുമറുപടി പ്രസംഗത്തിൽ ഉൾപ്പെടുത്തേണ്ടതുണ്ടെന്നാണ് എനിക്ക് തോന്നുന്നത്. പതിനാലാം കേരള നിയമസഭയിൽനിന്നും പതിനഞ്ചാം കേരള നിയമസഭയിലേയ്ക്ക് കടന്നതോടുകൂടി സഭയ്ക്കകത്തു നടക്കുന്ന ചർച്ചകളിൽ സംവാദങ്ങളിലും ഇടപെടലുകളിലും ഗുണപരമായ മാറ്റങ്ങൾ വന്നിട്ടുണ്ടെന്നാണ് എനിക്ക് മനസ്സിലായിട്ടുള്ളത്. ഈ സഭ നിലവിൽ വന്നതിനുശേഷം പാസ്സാക്കപ്പെട്ട 65 നിയമങ്ങളുമായി ബന്ധപ്പെട്ട് സഭയിൽ നടന്നിട്ടുള്ള ചർച്ചകൾ ഉന്നത നിലവാരം പുലർത്തുന്നവയായിരുന്നു. ആശയപരമായി എതിർപ്പ് രേഖപ്പെടുത്തിയിട്ടുള്ള ബില്ലുകളുടെ കാര്യത്തിലൊഴികെയുള്ള ബില്ലുകൾ സഭ

ഏകകണ്ഠമായിട്ടാണ് പാസ്സാക്കിയിട്ടുള്ളത്, അതൊരു പ്രത്യേകതയായി കാണാവുന്നതാണ്. സഭയുടെ നടപ്പ് സമ്മേളനത്തിൽ നിയമനിർമ്മാണ വേളയിലും അടിയന്തരപ്രമേയത്തിന് അനുമതി തേടിക്കൊണ്ടുള്ള നോട്ടീസുകളിന്മേലും സഭയിൽ നടന്ന സർഗ്ഗാത്മകമായ ചർച്ചകളെ പരാമർശിച്ചുകൊണ്ട് മുൻ സ്പീക്കർ, സമ്മേളനം അവലോകനം നടത്തുന്ന വേളയിൽ പറഞ്ഞത് ഈ സഭയുടെ അദ്ധ്യക്ഷനായിരിക്കാൻ കഴിഞ്ഞതിൽ അഭിമാനിക്കുന്നുയെന്നാണ്. അദ്ദേഹത്തിന്റെ പ്രസ്താവനയിലൂടെ പുറത്തുവന്ന പ്രസ്തുത അംഗീകാരം ഈ സഭയ്ക്ക് ഒന്നാകെയും ഓരോ അംഗത്തിനും വ്യക്തിപരമായും അവകാശപ്പെട്ടത് തന്നെയാണെന്നാണ് ഞാൻ വിലയിരുത്തുന്നത്.

യോജിക്കാൻ കഴിയാത്ത മേഖലകളിൽ ശക്തമായ വിമർശനം ഉയർത്തി വിയോജിക്കുകയും സഹകരിക്കേണ്ട കാര്യങ്ങളിൽ സർക്കാർ നടപടികളോട് പരമാവധി സഹകരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് പ്രതിപക്ഷ ധർമ്മം. അതുപോലെ പ്രതിപക്ഷ വിമർശനങ്ങളെ സഹിഷ്ണുതയോടെ കേൾക്കുകയും അവരെക്കൂടി വിശ്വാസത്തിലെടുത്തുകൊണ്ട് സഭാ നടപടികൾ നടത്തിയെടുക്കാൻ പരിശ്രമിക്കുകയും ചെയ്യുകയെന്നത്

ഭരണപക്ഷത്തിന്റെയും ഉത്തരവാദിത്വമാണ്. അത്തരത്തിൽ ഉന്നതമായ പാർലമെന്ററി മര്യാദകൾ പുലർത്താൻ പരിശ്രമിക്കുന്ന ഒരു പ്രതിപക്ഷ നേതാവും പ്രതിപക്ഷവും ഈ സഭയുടെ കരുത്താണ്. പ്രതിപക്ഷ വിമർശനങ്ങളെ അതേ അർത്ഥത്തിൽ ഉൾക്കൊള്ളുന്ന ഒരു സഭാ നേതാവും ഭരണപക്ഷവും ഈ സഭയുടെ ഒരു പ്രത്യേകതയാണ്. അതുകൊണ്ട് സഭാ അദ്ധ്യക്ഷനെന്ന നിലയിലുള്ള എന്റെ ഉത്തരവാദിത്തം തികച്ചും ആയാസരഹിതമായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് ജനങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സർക്കാരിനും സർക്കാർ പ്രവർത്തനങ്ങളെ നേർദിശയിലേയ്ക്ക് നയിക്കാൻവേണ്ടി ശക്തമായി പ്രവർത്തിക്കുന്ന പ്രതിപക്ഷത്തിനും സഭാ ചട്ടങ്ങൾക്കും കീഴ്വഴക്കങ്ങൾക്കും വിധേയമായുള്ള എല്ലാവിധ പിന്തുണയും പ്രോത്സാഹനവും ഉണ്ടാകുമെന്ന് ഞാൻ ഉറപ്പുനൽകുന്നു. ഈ സഭയുടെ അദ്ധ്യക്ഷസ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്തതിനുള്ള നന്ദി ഒരിക്കൽക്കൂടി അറിയിച്ചുകൊണ്ടും എല്ലാവരിൽനിന്നുമുള്ള സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

എല്ലാവർക്കും എന്റെ വിനീത നമസ്കാരം.

**പ്രമേയം**

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സഭ മുമ്പാകെ മറ്റ് അത്യാവശ്യ ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട അംഗങ്ങൾക്കുവേണ്ടി ക്യാന്റീന് സമീപം ചായസൽക്കാരം ഒരുക്കിയിട്ടുണ്ട്. മുഴുവൻ അംഗങ്ങളും അതിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഓർഡർ.... ഓർഡർ....സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയഗാനാലാപനത്തോടെ 15-ാം കേരള നിയമസഭയുടെ ആറാം സമ്മേളനം 2022 സെപ്റ്റംബർ 12-ാം തീയതി തിങ്കളാഴ്ച രാവിലെ 11.47-ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

******